# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

(Volume XI)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ

J. S. C. Publications
Patriarchal Centre
Puthencruz

2019

**സുറിയാനി സഭയിലെ**
**രക്തസാക്ഷികളും പരിശുദ്ധന്മാരും**
**മേലദ്ധ്യക്ഷന്മാരും**

(Volume XI)

By
Corepiscopo (Dr.) K. Mani Rajan

First Edition : 2019

Copyright @ Author

*All rights reserved . No reproduction or translation in whole or part is allowed without written permission from the author.*

Layout: Megapixel Graphics, Kottayam

Printed at: Mor Julios Press, Puthencruz

Published By:
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

Phone: + 91 484 2255581
Email: mdbookstall@yahoo.com
Copies: 1000

Price Rs. 65/-

# ഉള്ളടക്കം


അവതാരിക ........................................................ v

ആമുഖം ........................................................ vii

1. അപ്പോസ്തോലനായ അകില്ല ........................................ 1
2. വിശുദ്ധ ക്രിസ്റ്റീന ........................................ 2
3. ദീർഘദർശിയായ മീഖാ ........................................ 4
4. വിശുദ്ധ യൂത്തിക്കിയസ് ........................................ 5
5. നസിയാൻസിലെ അഗ്രജനായ മോർ ഗ്രിഗറി ........................ 6
6. മോർ ഗ്രീഗോറിയോസ് പൗലോസ് ബഹനാം ........................ 7
7. ശൗലിനെ മാമോദീസാ മുക്കിയ മോർ ഹനനിയ ........................ 8
8. രക്താംബരം വിറ്റിരുന്ന ലുദിയ ........................................ 10
9. നിക്കൊദിമോസ് ........................................ 11
10. ഫത്തിയൂൻ ........................................ 13
11. യെരൂശലേമിലെ മോർ യൂഹാനോൻ ........................................ 14
12. മോർ കൗമാ ........................................ 15
13. ഏകാന്തവാസിയായ വിശുദ്ധ ഏശായാ ........................................ 19
14. വിശുദ്ധ നികിത ........................................ 20
15. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ ഫിലമോൻ ........................................ 21
16. പൗലോസ് ശ്ലീഹായുടെ ശിഷ്യനായ ഒനിസിമസ് ........................ 22
17. പൊന്തിയൊസ് പീലാത്തോസും ഭാര്യ പ്രോക്കുളയും.. 23
18. രക്തസാക്ഷിയായ സോഫിയ ........................................ 25
19. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ ത്രൊഫിമൊസ് ........................................ 27
20. സന്യാസിയായ തിയൊഡോറസ് ........................................ 28
21. കഷ്കാറിലെ സന്യാസിയായ എബ്രഹാം ........................................ 30

22. വിശുദ്ധരായ അന്റോണിനസ്,
സെബിനാസ്, ജർമാനസ്, മന്നാത്തൂസ് .............................31

23. കന്യകയും രക്തസാക്ഷിയുമായ സൂസന്ന ....................... 32

24. രക്തസാക്ഷിയും ശെമ്മാശനുമായ
വിശുദ്ധ ബെഞ്ചമിൻ ................................................. 34

25. വിശുദ്ധരായ പത്രോബായും
ഫിലൊലോഗോസും ഗായോസും......................................... 35

26. അറിയിപ്പുകാരനായ ഹെർമ്മാസ്......................................... 36

27. രക്തസാക്ഷിയായ
അന്ത്യോഖ്യായിലെ ഹെസിക്കിയിസ് .................................. 37

28. പേർഷ്യൻ രക്തസാക്ഷിയായ ബർസാബാസ്.................. 38

29. ആക്സിയൊപോലീസിലെ വിശുദ്ധ സിറിൽ................... 38

30. മോറാൻ അത്താനാസിയോസ് ഗമാലൊ........................... 39

References ...........................................................................43

Appendix - എഴുപത്തിരണ്ട് അറിയിപ്പുകാരുടെ പട്ടിക .....47

Name Index - Volume XI ...........................................................55

General Index - Volume I - X.....................................................57

Books by the author .....................................................................67

ഗ്രന്ഥകർത്താവ്...........................................................................71

# അവതാരിക

ദൈവശാസ്ത്രം, ജീവചരിത്രം, ഭൗതികശാസ്ത്രബോധനം, ഗവേഷണം എന്നീ മേഖലകളിൽ നാൽപതോളം പുസ്തകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു വിദ്യാഭ്യാസ ശാസ്ത്രജ്ഞനാണ് വന്ദ്യ ഡോ.മാണി രാജൻ കോറെപ്പിസ്കോപ്പ. അതിൽ ഏറ്റവും പ്രസിദ്ധമാണ് *Queen of Sacraments* എന്ന വിശുദ്ധ കുർബ്ബാനാവ്യാഖ്യാനം. അതിന്റെ മലയാളം പരിഭാഷയായ *വിശുദ്ധ കൂദാശകളുടെ രാജ്ഞി* ഉടൻ പ്രസിദ്ധീകരിക്കും എന്നറിയുന്നു. ഇവയെല്ലാം എഴുതപ്പെട്ടിട്ടുള്ളത് കൃത്യതയോടും വായനക്കാർക്ക് മനസ്സിലാക്കാൻ എളുപ്പമായ ലളിത ഭാഷയിലുമാണ്.

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന *സുറിയാനി സഭയിലെ രക്തസാക്ഷികളും, പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* എന്ന പതിനൊന്നാം വാല്യത്തോടുകൂടി 330 ജീവചരിത്രങ്ങൾ സഭയ്ക്ക് ലഭ്യമാണ്. ഓരോ വാല്യത്തിലും 30 ജീവചരിത്രങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2003ൽ ആരംഭിച്ച ഈ പരിശ്രമം പത്താം വാല്യത്തോടുകൂടെ അവസാനിപ്പിക്കണമെന്നാണ് ആലോചിച്ചിരുന്നതെങ്കിലും ദൈവഹിതം അതായിരുന്നില്ല. പന്ത്രണ്ടാം വാല്യം കൂടെ പ്രസിദ്ധീകരിക്കാൻ നിർബന്ധിതനായിരിക്കുന്നു എന്നാണറിയുന്നത്. അതിനുകാരണം ക്രിസ്തുസംഖ്യായ 8, 350ൽ (3 + 5 + 0 = 8) ഒളിഞ്ഞിരിക്കുന്നു എന്നതാണ്.

8 എന്നത് (Theotokos) ദൈവത്തെക്കുറിക്കുന്ന സംഖ്യയാണ്. ഈ വാല്യങ്ങളുടെ അനുഗ്രഹീത മകുടമായ 350ൽ എത്തുന്ന അടുത്ത വാല്യം ഉടനെ തന്നെ പ്രസിദ്ധീകൃതമാകുമെന്ന് ഞാൻ വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സഭാപിതാക്കന്മാരുടെയും സഭാപണ്ഡിതന്മാരുടെയും കൂടെ പൊന്തിയോസ് പിലാത്തോസ്, അദ്ദേഹത്തിന്റെ ഭാര്യ പ്രോക്കുള എന്നിവരുടെ ഓർമ്മയും സഭ ആചരിക്കുന്നതിന് അതിന്റേതായ കാരണങ്ങളുണ്ട്. ദൈവസ്നേഹം ക്ഷമിക്കുന്നതാണ്. അതുകൊണ്ടാണല്ലോ ക്രിസ്തുവിനോടുകൂടെ ക്രൂശി

ക്കപ്പെട്ട വലത്തുഭാഗത്തെ കള്ളൻ പറുദീസായുടെ അവകാശിയായത്. അതുപോലെ തന്നെ പൊന്തിയോസ് പീലാത്തോസിന്റെയും കർത്താവിനെ സുഗന്ധവർഗ്ഗങ്ങൾ പൂശി കബറടക്കിയ അരമത്യക്കാരൻ യൗസേഫിന്റെയും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിക്കോദിമോസിന്റെയും ജീവചരിത്രം പല വായനക്കാർക്കും പുതിയ അറിവായിരിക്കും. അറിയിപ്പിന്റെ ശനിയാഴ്ച (ദുഃഖശനി) ആരാധനയിലുപയോഗിക്കുന്ന അരമത്യക്കാരൻ യൗസേഫിനെ പരാമർശിക്കുന്ന മനോഹരമായ നാലുവരികൾ താഴെ ഉദ്ധരിക്കുന്നു:

റംസായിൻ- പൗരൻ നയവാൻ - യൗസേഫേ
നിയെന്തതി ധന്യൻ!
നിധിയതുപോൽ നീ കർത്തൃശരീരം കബറിൽവച്ചു
സ്വർഗ്ഗേ മണിയറ നിൻപേർക്കായ് സൂക്ഷിച്ചീടുന്നു.

ഈ വാല്യങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി വന്ദ്യ കോറെപ്പിസ്കോപ്പ കഴിഞ്ഞ പതിനഞ്ച് വർഷങ്ങളായി പ്രയത്നിക്കുകയായിരുന്നു. അതിനു ദൈവികമായ പ്രത്യേക പാരിതോഷികം ദൈവം തീർച്ചയായും നൽകും. ഇതുപോലുള്ള പ്രസിദ്ധീകരണങ്ങൾ തുടർന്നും നിർവ്വഹിക്കുന്നതിന് വന്ദ്യ കോറെപ്പിസ്കോപ്പായ്ക്ക് ദീർഘായുസ്സു നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**തിരുവനന്തപുരം** **കമാണ്ടർ ഡോ. സി. എ. നൈനാൻ**
**2018 നവംബർ 19** M. Sc., Ph. D., Th. D., D. D., D. Litt.

# ആമുഖം

ആകമാന സുറിയാനി ഓർത്തഡോക്സ് സഭ അംഗീകരിക്കുകയും ആദരിക്കുകയും ഓർമ്മയാചരിക്കുകയും ചെയ്യുന്ന രക്തസാക്ഷികളുടെയും പരിശുദ്ധന്മാരുടെയും മേലദ്ധ്യക്ഷന്മാരുടെയും ജീവചരിത്രങ്ങൾ സഭാമക്കൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2003ലാണ് ഇതിന്റെ പ്രഥമ വാല്യം പ്രസിദ്ധീകരിച്ചത്. 2004ൽ രണ്ടാം വാല്യവും 2006ൽ മൂന്നാം വാല്യവും, 2009ൽ നാലാം വാല്യവും 2011ൽ അഞ്ചാം വാല്യവും 2016ൽ ആറാം വാല്യവും 2017ൽ ഏഴാം വാല്യവും 2017ൽ തന്നെ എട്ടാം വാല്യവും 2018ൽ ഒമ്പതാം വാല്യവും 2018ൽ തന്നെ പത്താം വാല്യവും പ്രസിദ്ധീകരിക്കുകയുണ്ടായി. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന പതിനൊന്നാം വാല്യത്തിലും മുൻവാല്യങ്ങളിലേതുപോലെ മുപ്പത് ജീവചരിത്രങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പത്ത് വാല്യങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞപ്പോൾ ആ ദിശയിലുള്ള വായനയും എഴുത്തും തുടരാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. 2018 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ ഇംഗ്ലണ്ടിൽ താമസിച്ചപ്പോഴാണ് കുറെക്കൂടെ പുസ്തകങ്ങൾ വാങ്ങുന്നതിനും ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും അവസരമുണ്ടായത്. ആ ചുരുങ്ങിയ സമയംകൊണ്ട് ഏകദേശം 60 ജീവചരിത്രങ്ങൾ കണ്ടെത്തുന്നതിനും ശേഖരിക്കുന്നതിനും സാധിച്ചു. ഇവയെല്ലാം ദൈവനിശ്ചയവും നടത്തിപ്പുമായി കാണുകയാണ്.

ദൈവം അനുവദിച്ചാൽ 350 ജീവചരിത്രങ്ങൾ ഒരു വാല്യമായി പ്രസിദ്ധീകരിക്കണമെന്ന് ആഗ്രഹമുണ്ട്. അതുവഴിയായി സഭാപിതാക്കന്മാരുടെ ചുരുങ്ങിയ വിവരണം അടുത്ത തലമുറയ്ക്കുവേണ്ടി അവശേഷിപ്പിക്കുന്നതിനും അവരുടെ മാതൃകകൾ പിന്തുടരുന്നതിനും ഇടയാകുമെന്ന് ആശിക്കുന്നു.

സഭാപിതാക്കന്മാരുടെ ജീവചരിത്രാന്വേഷണത്തിലാണ് അവരുടെ സഭാസംബന്ധമായ എഴുത്തുകളും വ്യാഖ്യാനങ്ങളും എത്രമാത്രമുണ്ട് എന്ന അവബോധമുണ്ടാകുന്നത്. ആധുനിക

കാലത്തുയർന്നുവരുന്ന പല ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം നൽകുന്ന ഉത്തമമായ പല കൃതികളും പരിശുദ്ധ പിതാക്കന്മാർ രചിച്ചിട്ടുണ്ട്. അവ അന്വേഷിച്ച് കണ്ടെത്തി പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കുക എന്നതും ഒരു വലിയ ദൗത്യമാണ്.

ലൂക്കോസിന്റെ സുവിശേഷം പത്താം അദ്ധ്യായം ഒന്നാം വാക്യത്തിൽ പരാമർശിക്കുന്ന അറിയിപ്പുകാരുടെ (Lesser Apostles or emmissaries) ജീവചരിത്രങ്ങളിൽ പലതും ലഭ്യമായിട്ടുണ്ട്. ആ ജീവചരിത്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുസ്തകം പ്രസിദ്ധീകരിക്കണമെന്ന് ആഗ്രഹമുണ്ട്. ആ എഴുപത്തിരണ്ട് അറിയിപ്പുകാരുടെ പേരു വിവരങ്ങൾ ഈ പുസ്തകത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ പതിനൊന്നാം വാല്യത്തിന്റെ പ്രസിദ്ധീകരണം നിർവ്വഹിച്ച JSC പബ്ലിക്കേഷൻസിനോടുള്ള നന്ദി അറിയിക്കുന്നു. ആറു മുതലുള്ള വാല്യങ്ങളുടെയെല്ലാം ഡി.ടി.പി. ജോലികൾ നിർവ്വഹിച്ച ശ്രീ. ജൂലിയസ് സി. എബ്രഹാമിനോടും ഇതിന്റെ പ്രൂഫ് പരിശോധിച്ച ശ്രീമതി ജോസി ബാബുവിനോടുമുള്ള നന്ദി അറിയിക്കുന്നു. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ പട്ടിക ക്രമീകരിക്കുന്നതിന് സഹായിച്ച ശ്രീമതി ഏലിയാമ്മ ചാക്കോയോടുമുള്ള നന്ദി അറിയിക്കുന്നു.

കുന്നംകുളം **കോറെപ്പിസ്കോപ്പ മാണി രാജൻ**
2019 ജനുവരി 6

# 1. അപ്പോസ്തോലനായ അക്വില്ല

## (ഒന്നാം നൂറ്റാണ്ട്)

അപ്പോസ്തോലനായ അക്വില്ല എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരാളായിരുന്നു (ലൂക്കാ 10:1). റോമാപട്ടണത്തിൽ താമസിച്ചിരുന്ന അക്വില്ല ഒരു യെഹൂദനും പൊന്തൊസിൽ നിന്നുള്ളവനുമായിരുന്നു (അപ്പൊ. പ്ര. 18:2).

ക്ലോഡിയസ് ചക്രവർത്തിയുടെ ഭരണകാലത്ത് (എ.ഡി. 41 – 54) എല്ലാ യെഹൂദന്മാരെയും റോമാപട്ടണത്തിൽനിന്നും പുറത്താക്കുകയും അതിനാൽ അക്വില്ല ഭാര്യയായ പ്രിസ്കില്ലായോടും കൂടെ റോമിൽനിന്നും പുറപ്പെട്ടുപോകുന്നതിന് നിർബ്ബന്ധിതനായി (അപ്പൊ. പ്ര. 18:2). തുടർന്ന് അവർ കാരിന്തിൽ താമസമാക്കി.

കുറച്ചു നാളുകൾക്കു ശേഷം പരിശുദ്ധനായ പൗലോസ് അപ്പോസ്തോലൻ സുവിശേഷം പ്രസംഗിക്കുന്നതിനായി ഏതൻസിൽനിന്നും കൊരിന്തിൽ വന്നു. അക്വില്ലയോട് പരിചയപ്പെട്ടതുവഴിയായി അക്വില്ലയുടെ ഭവനത്തിൽ താമസിക്കുകയും കൂടാരപ്പണിയിൽ അക്വില്ലയോടുകൂടെ അദ്ധ്വാനിക്കുകയും ചെയ്തു (https://oca.org/saints/lives/2019/07/14/101950-apostle-aquila-of-the-seventy). പൗലോസ് ശ്ലീഹായിൽനിന്നും മാമോദീസ സ്വീകരിച്ച ശേഷം അക്വില്ലായും പ്രിസ്കില്ലായും ശ്ലീഹായുടെ സമർപ്പിതരും തീക്ഷ്ണതയുള്ളവരുമായ ശിഷ്യന്മാരായിത്തീർന്നു. തുടർന്ന് അവർ പൗലോസ് ശ്ലീഹായോടുകൂടെ എഫെസോസിലേക്കുപോയി.

പെന്തിക്കൊസ്തി പെരുന്നാളിൽ സംബന്ധിക്കുന്നതിനായി പൗലോസ് ശ്ലീഹാ യെരുശലേമിലേക്ക് പോയപ്പോൾ എഫെസോസിൽ സുവിശേഷ പ്രഘോഷണം തുടരുന്നതിനായി അക്വില്ലായെയും പ്രിസ്കില്ലായെയും ചുമതലപ്പെടുത്തി. എഫെസോസിൽ ദൈവവചനം ധൈര്യത്തോടെ പ്രസംഗിക്കുന്ന അലക്സന്ത്രിയക്കാരനായ നവാഗതനായ അപ്പല്ലോസ് എന്ന യെഹൂദനെ അവർ കാണുന്നതിനിടയായി.

അപ്പല്ലോസിന് കർത്താവിന്റെ മുന്നോടിയായ യോഹന്നാൻ മാംദോനയുടെ മാമോദീസയെക്കുറിച്ചു മാത്രമേ അറിവുണ്ടാ

യിരുന്നുള്ളൂ. അക്വില്ലായും പ്രിസ്കില്ലായും അപ്പല്ലോസിനെ വിളിച്ചു വരുത്തുകയും ദൈവിക മാർഗ്ഗത്തെ കുറിച്ച് കൃത്യമായി വിശദീകരിക്കുകയും ചെയ്തു.

ക്ലോഡിയസ് ചക്രവർത്തിയുടെ നിര്യാണത്തിനുശേഷം യെഹൂദന്മാർ റോമിലേക്കു മടങ്ങിവരുന്നതിന് അനുമതിയുണ്ടാകുകയും അക്വില്ലയും പ്രിസ്കില്ലയും റോമിലേക്കു മടങ്ങിവരികയും ചെയ്തു. അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ റോമർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം അനുസ്മരിച്ചിരിക്കുന്നു. യേശു മ്ശിഹായുടെ കാര്യത്തിൽ എനിക്കു കൂട്ടുവേലക്കാരായ പ്രിസ്കില്ലായ്ക്കും അക്വില്ലാസിനും സമാധാനം ആശംസിപ്പീൻ. എന്തെന്നാൽ എന്റെ ജീവനുവേണ്ടി അവർ സ്വന്തം കഴുത്തുവച്ചുകൊടുത്തവരാകുന്നു. അവർക്കു ഞാൻ മാത്രമല്ല ജാതികളുടെ സർവ്വസഭകളും നന്ദിപറയുന്നു (റോമ. 16:3-4). അക്വില്ല അധികകാലം റോമിൽ താമസിച്ചില്ല. അക്വില്ല ആസിയ, അച്ചായിയ, ഹെരാക്ലിയ എന്നിവിടങ്ങളിൽ ഉത്സാഹത്തോടെ സുവിശേഷം പ്രചരിപ്പിക്കുകയും ആസിയയിലെ മെത്രാപ്പോലീത്തയായി പൗലോസ് ശ്ലീഹായാൽ നിയമിക്കപ്പെടുകയും ചെയ്തു.

പ്രിസ്കില്ല, അക്വില്ലായെ സുവിശേഷപ്രചരണവേലകളിൽ നിരന്തരം സഹായിച്ചുകൊണ്ടിരുന്നു. അവർ അനേകരെ ക്രിസ്തുവിങ്കലേക്ക് ആദായപ്പെടുത്തുകയും വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും മൂപ്പന്മാരെ നിയമിക്കുകയും ചെയ്തു. അക്വില്ലായും പ്രിസ്കില്ലായും ഒന്നിച്ച് രക്തസാക്ഷിത്വം പ്രാപിച്ചതായി കരുതപ്പെടുന്നു.

## 2. വിശുദ്ധ ക്രിസ്റ്റീന

### (മൂന്നാം നൂറ്റാണ്ട്)

വിശുദ്ധ ക്രിസ്റ്റീന മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു വിശുദ്ധയാണ്. ഉർബാൻ എന്ന ടയറിലെ ഗവർണറുടെ മകളായാണ് ക്രിസ്റ്റീന ജനിച്ചത്. ഉർബാൻ കടുത്ത വിഗ്രഹാരാധനക്കാരനായിരുന്നു (https://www.catholic.org/saints/saint.php?saint_

id=148). ഉർബാൻ മകളായ ക്രിസ്റ്റീനയെ ഒരു പുരോഹിതയാക്കണമെന്നാഗ്രഹിച്ചിരുന്നു.

ഉർബാൻ ക്രിസ്റ്റീനയെ സ്വർണ്ണവിഗ്രഹങ്ങൾ ക്രമീകരിച്ചിരിക്കുന്ന ഒരു മുറിയിലടയ്ക്കുകയും വിഗ്രഹങ്ങൾക്ക് ധൂപമർപ്പിക്കുന്നതിന് ആജ്ഞാപിക്കുകയും ചെയ്തു. മുറിയിലടയ്ക്കപ്പെട്ട ക്രിസ്റ്റീന ലോകസ്രഷ്ടാവായവനോട് പ്രാർത്ഥിക്കുകയും ദൈവം തന്നെ അവൾക്ക് വെളിപ്പെടുന്നതിനായി യാചിക്കുകയും ചെയ്തു. അവൾ ഉപവസിക്കുകയും നിരന്തരം പ്രാർത്ഥനയിൽ മുഴുകുകയും ചെയ്തു. ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് ക്രിസ്റ്റീനയെ യേശുക്രിസ്തുവിന്റെ സുവിശേഷം പഠിപ്പിച്ചു. മാലാഖ അവളെ ക്രിസ്തുവിന്റെ മണവാട്ടിയെന്ന് വിളിക്കുകയും അവളുടെ വിശ്വാസത്തെ പ്രതി കഷ്ടങ്ങൾ സഹിക്കേണ്ടിവരുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്തു.

സത്യം തിരിച്ചറിഞ്ഞ ക്രിസ്റ്റീന സ്വർണ്ണവിഗ്രഹങ്ങൾ തകർക്കുകയും അതിന്റെ കഷണങ്ങൾ പാവപ്പെട്ടവർക്ക് വിതരണം ചെയ്യുകയും ചെയ്തു. (http://magnificat.ca/cal/en/saints/christina.html). ഈ നടപടിയിൽ കുപിതനായ ഉർബാൻ സ്വന്തം മകളെ കഠിനമായ ദണ്ഡനങ്ങൾക്ക് വിധേയമാക്കി. തുടർന്ന് ജയിലിലടയ്ക്കുകയും ഇരുമ്പ് ചീപ്പുകൊണ്ട് ചീകുകയും വിവരിക്കുന്നതിനോ വിഭാവനം ചെയ്യുന്നതിനോ അസാധ്യമായ പീഡനങ്ങൾക്ക് വിധേയയാക്കുകയും ചെയ്തു. എന്നാൽ ദൈവം ക്രിസ്റ്റീനയോടുകൂടെ എപ്പോഴും ഉണ്ടായിരുന്നു.

ക്രിസ്റ്റീനയെ ബോൾസേന തടാകത്തിൽ എറിഞ്ഞെങ്കിലും ഒരു മാലാഖ അവളെ രക്ഷിക്കുകയും അവൾ മാലാഖമാരോടൊപ്പം വെള്ളത്തിന്മേൽ നടക്കുന്നതായി കാണപ്പെടുകയും ചെയ്തു. ഉർബാൻ പെട്ടെന്ന് മരണപ്പെടുകയും ഡിയോൺ എന്ന ഗവർണർ അദ്ദേഹത്തിന്റെ പിൻഗാമിയായി വരികയും ചെയ്തു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽ പരിചയസമ്പന്നനായ ഒരു ക്രൂരനായിരുന്നു ഡിയോൺ. ഡിയോൺ ക്രിസ്റ്റീനയെ അവളുടെ കുലമഹിമയും തെറ്റായ വിശ്വാസത്തെയും സംബന്ധിച്ച് ഓർമ്മിപ്പിച്ച് അവളെ നേടുന്നതിന് ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

ക്രിസ്റ്റീന ഡിയോണിനോട് പറഞ്ഞു: ''നീ നിന്ദിക്കുന്ന ക്രിസ്തു നിന്റെ കൈയിൽനിന്ന് എന്നെ വിടുവിക്കും.'' ഈ വാക്കുകളിൽ

കുപിതനായ ഡിയോൺ അവളെ നിഷ്ഠൂരമായ ദണ്ഡനങ്ങൾക്ക് വിധേയയാക്കി. ഉർബാനെപ്പോലെ ഡിയോണും പെട്ടെന്ന് മരണപ്പെട്ടു. ജൂലിയാൻ എന്ന ഗവർണർ ഡിയോണിന്റെ പിൻഗാമിയായി വന്നു. ''ദേവന്മാരെ ആരാധിക്കൂ; അല്ലെങ്കിൽ ഞാൻ നിന്നെ കൊല്ലും'' എന്നു ജൂലിയാൻ അട്ടഹസിച്ചു. ഇഴജന്തുക്കളെ ക്രിസ്റ്റീനയെ പാർപ്പിച്ച തടവറയിലേക്കെറിഞ്ഞെങ്കിലും അവയൊന്നും ക്രിസ്റ്റീനയെ തൊടുകപോലും ചെയ്തില്ല. യേശുവിന്റെ നാമത്തിൽ ക്രിസ്റ്റീനയുടെ നാവു മുറിച്ചെടുക്കുകയും കുന്തത്താൽ കുത്തി മുറിവേൽപ്പിക്കപ്പെടുകയും ടയർ (Tyre) പട്ടണത്തിൽ വച്ച് രക്തസാക്ഷി മരണം പ്രാപിക്കുകയും ചെയ്തു.

ക്രിസ്റ്റീന അവളുടെ രക്തത്താൽ മാമോദീസ ഏറ്റു. ടയറിലെ നിരവധിയാളുകൾ ക്രിസ്റ്റീനയുടെ വിശ്വാസ പോരാട്ടത്താൽ പ്രചോദിതരാകുകയും ചെയ്തു. വിശുദ്ധ ക്രിസ്റ്റീനയുടെ ഓർമ്മ സുറിയാനി സഭ ജൂലൈ 24-ാം തീയതി ആചരിക്കുന്നു.

# 3. ദീർഘദർശിയായ മീഖാ

## (ബി. സി. എട്ടാം നൂറ്റാണ്ട്)

യെഹൂദാ ഗോത്രത്തിൽപെട്ട മീഖാ ദീർഘദർശി 12 ചെറിയ പ്രവാചകരിൽ ആറാമനായി പരിഗണിക്കപ്പെടുന്നു. മീഖാ യെരൂശലേമിന് തെക്കുള്ള മാരസ്താ പട്ടണക്കാരനായിരുന്നു. അതിനാലാണ് മൊരസ്ത്യനായ മീഖാ എന്ന വിളിക്കപ്പെട്ടത്. ക്രിസ്തുവിന് 778 വർഷങ്ങൾക്കു മുമ്പ് മീഖാ പ്രവചനശുശ്രൂഷ ആരംഭിക്കുകയും 50 വർഷത്തോളം ജൊഅത്താം, അക്കാസ്, നീതിമാനായ ഹെസക്കിയാ എന്നീ യെഹൂദാ രാജാക്കന്മാരുടെ കാലഘട്ടത്തിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു.

മീഖാ, യെശയ്യാ പ്രവാചകന്റെ സമകാലീനനായിരുന്നു. യെഹൂദ, ഇസ്രയേൽ എന്നീ രാജ്യങ്ങളിലെ പോരായ്മകളെക്കുറിച്ചുള്ള മുന്നറിയിപ്പുകളാണ് മീഖാ പ്രവചനത്തിന്റെ ഉള്ളടക്കം. ഇസ്രയേലിന്റെ നാശത്തിനു മുൻപുണ്ടായിരുന്ന ഭീഷണിയെക്കുറിച്ചും അസീറിയൻ ചക്രവർത്തിയായ സെന്നക്കരിബ് യെഹൂദാ രാജ്യത്തെ കടന്നാക്രമിക്കുന്നതിനെക്കുറിച്ചുമുള്ള നിർഭാഗ്യ സംഭവങ്ങളെ മീഖാ പ്രവാചകൻ മുൻപുകൂട്ടി

കണ്ടു. ലോകരക്ഷകന്റെ ജനനത്തെക്കുറിച്ച് മീഖാ പ്രവചിച്ചു. ''ബേത്ലഹേം എഫ്രാത്താ! നീ യെഹൂദാ വംശങ്ങളിൽ ചെറുതാണെങ്കിലും എനിക്കായി ഇസ്രയേലിനെ ഭരിക്കേണ്ടവൻ നിന്നിൽ നിന്നുമാണ് ഉത്ഭവിക്കുന്നത്. അവൻ ആദിയിലെ, പണ്ടുതന്നെ ഉള്ളവനാകുന്നു'' (മീഖാ 5:2). പ്രവാചകനായ യിരമ്യായുടെ വാക്കകളിൽ യെഹൂദന്മാർ മീഖാ പ്രവാചകനെ കൊല്ലുന്നതിന് ഭയപ്പെട്ടിരുന്നു (യിരമ്യ . 16:18–19). മീഖാ ദീർഘദർശിയുടെ ഓർമ്മ സുറിയാനി സഭ ആഗസ്റ്റ് 10, 14 തീയതികളിൽ ആചരിക്കുന്നു.

## 4. വിശുദ്ധ യൂത്തിക്കിയസ്

### (ഏ.ഡി. ഒന്ന്, രണ്ട് നൂറ്റാണ്ടുകൾ)

യൂത്തിക്കിയസ് പലസ്തീനിയൻ പട്ടണമായ സെബസ്തിയയിൽ നിന്നുള്ളവനായിരുന്നു. ഇദ്ദേഹം എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഉൾപ്പെട്ടവനായിരുന്നില്ലെങ്കിലും മുതിർന്ന അപ്പൊസ്തോലന്മാരോടുകൂടി അദ്ധ്വാനിച്ചിരുന്നതിനാലും അവരാൽ മെത്രാപ്പോലീത്തയായി നിയമിതനായതിനാലും അപ്പൊസ്തോലനെപ്പോലെ ഗണിക്കപ്പെട്ടിരുന്നു. ഇദ്ദേഹം യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്നു. ഇദ്ദേഹം അപ്പോസ്തോലനായ പൗലോസിനോടുകൂടെ സുവിശേഷയാത്രകളിൽ പങ്കെടുത്തിരുന്നു (https://oca.org/saints/lives/2013/08/24/102383-hieromartyr-eutyches-the-disciple-of-st-john-the-theologian).

വിശുദ്ധ യൂത്തിക്കിയസ് നിരവധിയായ പീഡനങ്ങൾക്ക് വിധേയനായി. പട്ടിണി, ഇരുമ്പ് ദണ്ഡുകളാലുള്ള അടി, വന്യമൃഗങ്ങളാലുള്ള പീഡ, അഗ്നിയാൽ പൊള്ളലേൽപ്പിക്കപ്പെടുക എന്നിവയായിരുന്നു പീഡനങ്ങൾ. ഒരിക്കൽ ഒരു സിംഹത്തെ ഈ വിശുദ്ധന്റെ നേരെ തുറന്നുവിട്ടു. ആ സിംഹം മനുഷ്യശബ്ദത്തിൽ സ്രഷ്ടാവിനെ സ്തുതിച്ച് എല്ലാവരെയും അത്ഭുതപ്പെടുത്തി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സെബസ്തയയിൽ വച്ച് യൂത്തിക്കിയസ് വാളാൽ ശിരച്ഛേദനം ചെയ്യപ്പെട്ടു. വിശുദ്ധ യൂത്തിക്കിയസിന്റെ ഓർമ്മ സുറിയാനി സഭ മെയ് 29–ാം തീയതി ആചരിക്കുന്നു.

# 5. നസിയാൻസിലെ അഗ്രജനായ മോർ ഗ്രിഗറി

**(എ.ഡി. 276–374)**


അഗ്രജനായ മോർ ഗ്രിഗറി (ഗ്രീഗോറിയോസ്) റോമൻ പ്രവിശ്യയായ കപ്പദോക്കിയയിലെ സനിയാൻസിലെ മെത്രാപ്പോലീത്തയായിരുന്നു. ഭാര്യയായ നൊണ്ണയുടെ പ്രേരണയാൽ എ.ഡി. 325ൽ ഗ്രിഗറി ക്രിസ്തുമതം സ്വീകരിച്ചു. ഗ്രിഗറിയും നൊണ്ണയും വളരെ സമ്പന്നരായിരുന്നു. ഗ്രിഗറി തന്റെ സ്വന്ത പണം ചിലവഴിച്ച് ആ ദേശത്ത് ഒരു പള്ളി പണിതു.

ഗ്രിഗറി നൊണ്ണ ദമ്പതികൾക്ക് നാലു മക്കളുണ്ടായിരുന്നു. ഗോർഗോണിയ, സോഫിയ എന്നീ രണ്ടു പെൺമക്കളും ഗ്രിഗറി, കൈസറിയസ് എന്നീ രണ്ട് ആൺമക്കളും. മകളായ വിശുദ്ധ ഗൊർഗോണിയ (d. 375) ക്രിസ്ത്യാനികളായ ഭാര്യമാർക്ക് ഉത്തമ മാതൃകയായിരുന്നു. ഇളയ മകനായ നസിയാൻസിലെ കൈസരിയസ് കൈസരിയയിലെ മസാക്കയിലും അലക്സന്ത്രിയയായിലും പഠിച്ച് ഒരു ഭിഷഗ്വരനായിത്തീർന്നു (https://www.britannica.com/biography/Saint-Gregory-of-Nazianzus). കോൺസ്റ്റൻഷ്യസ് രണ്ടാമൻ (വിശ്വാസത്യാഗിയായ) ജൂലിയാൻ എന്നിവരുടെ കൊട്ടാരത്തിലെ വൈദ്യനായി കൈസരിയസ് കുസ്തന്തീനോസ് പോലീസിൽ സേവനമനുഷ്ഠിച്ചു. കൈസരിയസ് എ.ഡി. 368ൽ നിര്യാതനായി. മൂത്ത മകനായ ഗ്രിഗറി (Gregory, the younger, d. 389) എ.ഡി. 362ൽ വൈദികനായും എ.ഡി. 372ൽ സസിമയുടെ മെത്രാപ്പോലീത്തയായും വാഴിക്കപ്പെട്ടു.

അഗ്രജനായ മോർ ഗ്രിഗോറിയോസിന്റെ ഓർമ്മ ജനുവരി 25–ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 6. മോർ ഗ്രീഗോറിയോസ് പൗലോസ് ബഹനാം

## (ഏ.ഡി. 1914 – 1969)



പൗലോസിന്റെ ആദ്യപേര് സർക്കിസ് എന്നായിരുന്നു. പൗലോസിന് 21 വയസ്സുള്ളപ്പോൾ 1935 ആഗസ്റ്റ് 15-ാം തീയതി മൂസലിലെ (ഇറാക്ക്) മോർ മത്തായി ദയറായിൽ വച്ച് സന്യാസ വസ്ത്രം സ്വീകരിച്ചു. ദയറായിലെ അന്നത്തെ മെത്രാപ്പോലീത്തയായിരുന്ന മോർ ദീവന്നാസിയോസ് യൂഹന്ന മൺസൂരാറ്റി, മൂസലിലെ മോർ അത്തനാസിയോസ് തോമാ കുസിർ എന്നീ മെത്രാപ്പോലീത്തന്മാർ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു (Matti Moosa, 2014).

പൗലോസ് റമ്പാൻ മൂന്ന് വർഷം മോർ മത്തായി ദയറായിൽ ചിലവഴിച്ചശേഷം 1938ൽ ലബനോനിലെ സഹലയിലുള്ള മോർ അഫ്രേം സെമിനായിൽ അദ്ധ്യാപകനായി നിയമിതനായി. 1945ൽ മോറാൻ അഫ്രേം ഒന്നാമൻ ബർസൗം (d. 1957) ബാവ പൗലോസ് റമ്പാനെ മൂസലിലെ മോർ മത്തായി ദയറായിലേക്ക് മാറ്റി നിയമിച്ചു. മൂസലിലെ സുറിയാനി സഭയുടെ മതപരവും സാംസ്കാരികവുമായ ഉയർത്തെഴുന്നേൽപിന് വന്ദ്യ പൗലോസ് ബഹനാം റമ്പാൻ ഏറെ പ്രയത്നിച്ചു. അന്ത്യോഖ്യായിലെ സുറിയാനി സഭയുടെ കഴിഞ്ഞകാല പ്രൗഢിയും അതിലെ പിതാക്കന്മാരുടെ മഹത്വവും നന്നായി അറിയാമായിരുന്ന വന്ദ്യ പൗലോസ് ബഹനാം റമ്പാൻ ആ ചരിത്രം പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഏറെ യത്നിച്ചു. ഈ പ്രവർത്തനത്തിന്റെ ഭാഗമായി 1946ൽ '*അൽ മശ്റിക്*' എന്ന ഒരു മാസികയുടെ പ്രസിദ്ധീകരണം ആരംഭിക്കുകയുണ്ടായി (Matti Moosa, 2014).

രണ്ടാം ലോകമഹായുദ്ധത്തിനു തൊട്ടടുത്ത വർഷം ആരംഭിച്ച മാസിക പ്രസിദ്ധീകരിക്കുന്നതിന് പേപ്പർ ലഭ്യമല്ലാതെ വന്നതിനാൽ റമ്പാൻ ബാഗ്ദാദിൽപോയി പേപ്പർ

കൊണ്ടുവരുന്നതിന് പരിശ്രമിച്ചു. ആ പരിശ്രമത്തിൽ നേരി ടേണ്ടിവന്ന ബുദ്ധിമുട്ടുകൾ നിരവധിയായിരുന്നു.

1952 വന്ദ്യ പൗലോസ് ബഹനാം റമ്പാനെ മോർ ഗ്രീഗോ റിയോസ് എന്ന പേരിൽ മോറാൻ അഫ്രേം ബർസൗം മെത്രാ പ്പോലീത്തയായി വാഴിച്ചു. പണ്ഡിതനും, കവിയും സുറിയാനി അറബി ഭാഷകളിൽ നിരവധി കൃതികൾ രചിച്ചിട്ടുള്ള മോർ ഗ്രീഗോറിയോസ് സുറിയാനി സാഹിത്യവും തത്ത്വശാസ്ത്രവും പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിന് ഏറെ ഉത്സാ ഹിച്ചു. ഒരിക്കൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: ''ദൈനംദിന ജീവിതതിരക്കിലും ഈ ദീപം അടുത്ത തലമുറ യ്ക്ക് കൈമാറുന്നതിന് ഞാൻ ഏറെ ആഗ്രഹിച്ചു. സുറിയാനി പൈതൃകത്തിന്റെ ഒരു വിശ്വസ്ത ശുശ്രൂഷകനാകുന്നതിന് എനിക്ക് ലഭിച്ച ഭാഗ്യത്തെ ഓർത്ത് '*എല്ലാ കാരണങ്ങളുടെ കാരണം*' (*The cause of all causes*) എന്ന ഗ്രന്ഥത്തിന്റെ പ്രാരംഭം ഞാൻ വായിച്ചപ്പോൾ അത് അറബി ഭാഷയിൽ വിവർത്തനം ചെയ്യുന്നതിന് തീരുമാനിച്ചു.''

സുറിയാനി സഭാവിശ്വാസത്തെ സംബന്ധിച്ച് നിരവധി രചനകളും പരിഭാഷകളും മോർ ഗ്രീഗോറിയോസ് പൗലോസ് ബഹനാമിന്റേതായിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ബാർ എബ്രായ രചിച്ച *ethikon* (*Book of ethics*) എന്ന പുസ്തകത്തിന്റെ പരിഭാഷ. മോർ ഗ്രീഗോറിയോസ് ബഹനാമിന്റെ ഓർമ്മ ഫെബ്രു വരി 19-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 7. ശൗലിനെ മാമോദീസാ മുക്കിയ മോർ ഹനനിയ

**(ഒന്നാം നൂറ്റാണ്ട്)**

യേശുക്രിസ്തുവിന്റെ ശിഷ്യനായ ഹനനിയ ഡമസ്ക്കോ സിലാണ് താമസിച്ചിരുന്നത് (അപ്പോ. പ്ര. 9:10). ഹനനിയ എന്ന പദത്തിന് ഹീബ്രുവിൽ 'നാഥന്റെ സ്നേഹപാത്രമായ വൻ' എന്നാണർത്ഥം. ന്യായപ്രമാണപ്രകാരം നീതിമാനായി രുന്ന ഹനനിയ എന്നാണ് ഡമസ്ക്കോസിലുള്ള യെഹൂദന്മാ രെല്ലാം സാക്ഷ്യപ്പെടുത്തിയത് (അപ്പൊ. പ്ര. 22:12).

ദമസ്കോസിൽ 'ഹാനനിയ' (അനനിയാസ്) എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു. കർത്താവ് ദർശനത്തിൽ അയാളോട്: 'ഹനനിയ' എന്നു പറഞ്ഞു. അയാൾ തന്നോട് 'എന്റെ കർത്താവേ, അടിയൻ ഇതാ' എന്നു പറഞ്ഞു. നമ്മുടെ കർത്താവ് അയാളോട് 'നീ എഴുന്നേറ്റ് നേർവീഥി എന്ന തെരുവിൽ, യെഹൂദായുടെ ഭവനത്തിൽ തർശീശുകാരൻ ശൗലിനെ അന്വേഷിക്കുക (അപ്പോ. പ്ര. 9:10-11). ഹാനനിയ ഉത്തരമായിട്ടിപ്രകാരം പറഞ്ഞു. ''എന്റെ കർത്താവേ, ഈ മനുഷ്യൻ യെരുശലേമിൽ അങ്ങയുടെ വിശുദ്ധന്മാരെ എത്രയേറെ ഞെരുക്കങ്ങളാണ് അനുഭവിപ്പിച്ചതെന്ന് അനേകരിൽനിന്നും ഞാൻ കേട്ടിട്ടുണ്ട്. ഇവിടെയും അങ്ങയുടെ നാമം വിളിക്കുന്നവരെയെല്ലാം ബന്ധനസ്ഥരാക്കുവാൻ, പ്രധാനാചാര്യന്മാരിൽനിന്ന് അധികാരപത്രവുമുണ്ടല്ലോ'' (അപ്പോ. പ്ര. 9:13-14). എന്നാൽ കർത്താവ് ഹനനിയാസിനോട്: ''നീ എഴുന്നേറ്റ് പൊയ്ക്കൊള്ളുക എന്തെന്നാൽ, പുറജാതികളുടെയും രാജാക്കന്മാരുടെയും ഇസ്രയേൽമക്കളുടെയും മുൻപിൽ എന്റെ നാമം വഹിപ്പാൻ അവൻ എനിക്കായി തെരഞ്ഞെടുക്കപ്പെട്ട പാത്രമാകുന്നു (അപ്പൊ. പ്ര. 9:15).

ഹനനിയ ശൗലിന്റെ മേൽ കൈവച്ചു പ്രാർത്ഥിച്ചു: ഉടനെ തന്നെ അവന്റെ കണ്ണുകളിൽനിന്ന് ചെതുമ്പൽ പോലെയുള്ള എന്തോ വീണുപോയി. അവന് കാഴ്ച ലഭിക്കുകയും ചെയ്തു. അവൻ എഴുന്നേറ്റും മാമോദീസ സ്വീകരിച്ചു (അപ്പോ. പ്ര. 9:18-19).

റോമിലെ ഹിപ്പോലിറ്റസ് (എ.ഡി. 170-235?) ഹനനിയ എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരാളായാണ് പട്ടികപ്പെടുത്തിയിരിക്കുന്നത്. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഒന്നിലധികം പട്ടികകളിൽ ഹനനിയാസിന്റെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട് (http://newadvent.org/fathers/0524.htm; http://www.orthodox.net/saints/70apostles.html; https://orthodoxwiki.org/Seventy_Apostles.).

രക്തസാക്ഷിയായ ഹിപ്പോലിറ്റസ് ഹനനിയായെ ദമസ്ക്കൊസിലെ മെത്രാപ്പോലീത്ത എന്നാണ് പരാമർശിച്ചിരുന്നത്. ഹനനിയ എലുത്രോപ്പോലീസിൽ രക്തസാക്ഷി മരണം പ്രാപിച്ചു. വിശുദ്ധ ഹനനിയായുടെ (അനന്യാസ്) ഓർമ്മ സുറിയാനി സഭ ഒക്ടോബർ ഒന്നാം തീയതി ആചരിക്കുന്നു.

# 8. രക്താംബരം വിറ്റിരുന്ന ലുദിയ

## (ഒന്നാം നൂറ്റാണ്ട്)

പൗലോസ് ശ്ലീഹായുടെ രണ്ടാം മിഷനറി യാത്രയിൽ ഫിലിപ്പ്യയിൽവച്ച് സുവിശേഷം സ്വീകരിച്ച ലുദിയ തെവോത്രിയ (Thyatira) യിൽനിന്നുള്ളവളായിരുന്നു (അപ്പോ.പ്ര. 16:11–15). ഇക്കാലത്ത് നാം ആഗ്രഹിക്കുന്ന ഏതു നിറത്തിലുമുള്ള വസ്ത്രങ്ങളും വാങ്ങാൻ കഴിയും. എന്നാൽ അപ്പോസ്തോലന്മാരുടെ കാലഘട്ടത്തിൽ അങ്ങനെയായിരുന്നില്ല. വസ്ത്രങ്ങൾക്ക് നിറം പകരുന്ന ചായങ്ങൾ പ്രകൃതിയിൽനിന്നു ലഭിക്കുന്നവയായിരുന്നു. കൃത്രിമമായ ചായങ്ങൾ കണ്ടുപിടിക്കപ്പെട്ടത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലായിരുന്നു.

പുറംതോടുള്ള ഞണ്ട്, ചെമ്മീൻ തുടങ്ങിയ മത്സ്യവർഗ്ഗത്തിൽപ്പെട്ട ജലജീവിയിൽനിന്നാണ് പ്രകൃതിദത്തമായ കടുംചുവപ്പായ ചായം നിർമ്മിച്ചിരുന്നത്. ഒരു മുഴം ചുവന്ന തുണി ഉണ്ടാക്കുന്നതിനാവശ്യമായ ചായം ലഭിക്കുന്നതിന് ആയിരക്കണക്കിന് മേൽപ്പറഞ്ഞ ജീവികളിൽനിന്നുള്ള (നീര്) ചായം ആവശ്യമായിരുന്നു. അതുകൊണ്ടുതന്നെ ഈ ചായത്തിന്റെ വിലയെന്ന് പറയുന്നത് അത്രയും ഭാരം വെള്ളിയുടെ വിലയോളമായിരുന്നു.

ലുദിയ, ഫിലിപ്പ്യയിലേക്ക് വന്നത് രക്താംബരത്തിന്റെ വിപണനവുമായി ബന്ധപ്പെട്ടായിരുന്നു. പുരാവസ്തു ഗവേഷണം നടത്തുന്നവർ തെവാത്രിയയിൽ 'ചായം മുക്കുന്നവരുടെ സംഘം' ഉണ്ടായിരുന്നുവെന്നതിന് തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. ലുദിയ ഈ സംഘത്തിൽ ഉൾപ്പെട്ടവളായിരിക്കാം.

പൗലോസ് ശ്ലീഹാ ലുദിയയെ കണ്ടെത്തിയപ്പോൾ അവൾ ശാബത് ആചരിക്കുന്നതിനായി വന്നെത്തിയിരിക്കയായിരുന്നു. ഫിലിപ്പ്യക്ക് പുറത്ത് ഈ ഒരു നദിക്കരയിൽ ഏതാനും സ്ത്രീകളോടുകൂടെ ശാബതിൽ പ്രാർത്ഥിക്കുന്നതിനായിരുന്നു ലുദിയ അവിടെ എത്തിയത്. ഒരു സുന്നഗോഗ് ആരംഭിക്കണമെങ്കിൽ പത്തിലധികം പുരുഷന്മാർ ആ പ്രദേശത്ത് ഉണ്ടായിരിക്കണം. എന്നാൽ ഫിലിപ്യയിൽ അത്രയും പുരുഷന്മാരില്ലാത്തതിനാലാണ് യെഹൂദരുടെ രീതിയനുസരിച്ച് ശാബതിൽ നദിക്കരയിൽ പ്രാർത്ഥനയ്ക്കായി ലുദിയ ഒത്തുചേർന്നത്.

പൗലോസ് ശ്ലീഹാ ദൈവവചനം പ്രസംഗിച്ചപ്പോൾ നമ്മുടെ കർത്താവ് അവളുടെ ഹൃദയം തുറന്നു (അപ്പൊ. പ്ര. 16:14). ലുദിയയും അവളുടെ കുടുംബം മുഴുവനും സ്നാനമേറ്റു. ''നമ്മുടെ കർത്താവിൽ ഞാൻ വിശ്വസിച്ചു എന്ന് നിങ്ങൾക്ക് യഥാർത്ഥമായി ബോദ്ധ്യമുണ്ടെങ്കിൽ നിങ്ങൾ വന്ന് എന്റെ വീട്ടിൽ പാർക്കണമെ'' എന്നവൾ അപേക്ഷിച്ചു (അപ്പൊ. പ്ര. 16:15). അതനുസരിച്ച് അവർ ഫിലിപ്പ്യയിലായിരുന്നപ്പോൾ ലുദിയയുടെ ഭവനത്തിൽ താമസിച്ചു.

ലുദിയയുടെ മാനസാന്തരം ഒരു പുതിയ തുടക്കമായിരുന്നു കാരണം അതിനു മുമ്പ് ഏഷ്യാമൈനറിന് പടിഞ്ഞാറോട്ട് സുവിശേഷം പ്രസംഗിക്കപ്പെട്ടിരുന്നില്ല. സുവിശേഷവേലയുടെ ചരിത്രം പരിശോധിക്കുമ്പോൾ തെവാത്രിയയിൽ ഒരു സഭ ഉണ്ടായിരുന്നതായി കാണുവാൻ കഴിയും (വെളി. 2:18). തെവൊത്രിയയിൽ സുവിശേഷമെത്തിച്ചത് ലുദിയയാണോ എന്നതിന് തെളിവുകളില്ല.

# 9. നിക്കോദിമോസ്

## (ഒന്നാം നൂറ്റാണ്ട്)

നിക്കൊദിമോസ് യെഹൂദന്മാരുടെ ഒരു പ്രമാണിയും പരീശനുമായിരുന്നു. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ മൂന്ന് സ്ഥലങ്ങളിൽ നിക്കൊദിമോസിനെ പരാമർശിച്ചിട്ടുണ്ട് – (1) യെരൂശലേമിൽ വച്ച് യേശുവിനെ നിക്കൊദിമോസ് കണ്ടുമുട്ടുന്നതും (2) സന്നിദ്രീം സംഘത്തിനു മുൻപിൽ നിക്കൊദിമോസ് യേശുവിനുവേണ്ടി പ്രതിരോധം തീർക്കുന്നതും (3) യേശുക്രിസ്തുവിന്റെ കബറടക്കം നടത്തുന്നതിന് നിക്കോദിമോസ് സഹായിക്കുന്നതും.

1. യെരൂശലേമിൽവച്ച് നിക്കോദിമോസ് യേശുവിനെ കണ്ടുമുട്ടുന്നത്.

പെസഹാ നാളുകളിൽ (cf. യോഹ. 2:23; 3:1–3) യെരൂശലേമിലെ യേശുക്രിസ്തുവിന്റെ പ്രേഷിതപ്രവർത്തഫലമായി യോഹന്നാന്റെ ഭവനത്തിൽ വച്ചായിരിക്കാം യേശു നിക്കൊദിമോസിനെ

കണ്ടുമുട്ടുന്നത്. യേശുക്രിസ്തുവിനെ ദൈവം ഉപദേഷ്ടാവായി അയച്ചിരിക്കുന്നുവെന്ന് നിക്കൊദിമോസ് പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ വിശ്വാസം പരിപൂർണ്ണമായിരുന്നില്ല. രാത്രിയിൽ യേശുക്രിസ്തുവിനെ സന്ദർശിച്ചതിനെ പരാമർശിച്ച് നിക്കൊദിമോസ് ഭീരുവായിരുന്നു എന്ന അഭിപ്രായം പ്രബലമാണ് (യോഹ. 3:2). മറ്റു ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ സന്നിദ്രീം സംഘത്തിന്റെ ഒരു പ്രതിനിധിയായി നിക്കൊദിമോസ് വന്നിരിക്കാമെന്നും യേശുവിൽനിന്നും ഔദ്യോഗിക സ്ഥിരീകരണം ലഭിക്കുന്നതിനായി അന്വേഷികനെന്ന നിലയിൽ അയയ്ക്കപ്പെട്ടതായിരിക്കാം എന്ന് കരുതപ്പെടുന്നു. എന്നാൽ യേശുവിനെതിരെ പരസ്യമായി പല പരീശ പ്രമാണികളും സംസാരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ വാദഗതി ശരിയല്ലെന്നും അഭിപ്രായമുണ്ട്. എന്നാൽ യേശുക്രിസ്തുവിന്റെ കബറടക്കത്തിന് നിക്കോദിമോസ് പരസ്യമായി വന്നതിനാൽ അദ്ദേഹം അപ്പോഴേക്കും വിശ്വാസത്തിൽ സ്ഥിരനായിത്തീർന്നു എന്ന് അനുമാനിക്കാവുന്നതാണ്.

(2) നിക്കോദിമോസ് യേശുവിനെ സന്നിദ്രീം സംഘത്തിനു മുൻപിൽ പ്രതിരോധിക്കുന്നു. ''എന്നിൽ വിശ്വസിക്കുന്നവന്റെ ഉദരത്തിൽനിന്നും ജീവജല നദികൾ പ്രവഹിക്കും'' (യോഹ. 7:37–38) എന്ന യേശുക്രിസ്തുവിന്റെ പ്രഖ്യാപനം സന്നിദ്രീം സംഘത്തെ കോപാകുലരാക്കി. നിക്കൊദിമോസ് അവരോട് ''ഒരുവനിൽ നിന്ന് ആദ്യം കേട്ട് - അവൻ എന്താണ് ചെയ്തതെന്ന് അറിയാതെ ഒരുവനെ നമ്മുടെ ന്യായപ്രമാണം കുറ്റം വിധിക്കുന്നുവോ? എന്നു ചോദിച്ചു (യോഹ. 7:51). ഇവിടെ വ്യക്തപരമായ സാക്ഷ്യം നൽകുന്നതിന് നിക്കൊദിമോസ് തുനിയുന്നില്ലെങ്കിലും യേശുക്രിസ്തുവിനെ പ്രതിരോധിക്കുന്നതിനായി പഴയനിയമ ഗ്രന്ഥങ്ങളെ ആശ്രയിക്കുന്നതായി കാണാം (cf. പുറ. 23:1–2; ആവർത്തനം 17:6; 19:15).

(3) യേശുവിന്റെ കബറടക്കത്തിന് നിക്കൊദിമോസ് സഹായിക്കുന്നു. ''ഏകദേശം നൂറു റാത്തൻ മൂറും അൽവായിയും ചേർന്ന സുഗന്ധകൂട്ടം'' നിക്കൊദിമോസ് യേശുവിന്റെ കബറടക്കത്തിനായി കൊണ്ടുവന്നു (യോഹ. 19:39). നിക്കോദിമോസ് വലിയ ധനികനായിരുന്നുവെന്ന് സ്പഷ്ടമാണ്. *പൊന്തിയോസ് പീലാത്തോസിന്റെ നടപടികൾ* അഥവാ *നിക്കോദിമോസിന്റെ സുവിശേഷം* എന്ന ഇതര കാനോനിക ഗ്രന്ഥത്തിൽ യേശുവിനെ പീലാത്തോസ് വിസ്തരിച്ചപ്പോൾ നിക്കൊദിമോസ്

ക്രിസ്തുവിനുവേണ്ടി തെളിവു നൽകിയെന്നും അതിനാൽ യെഹൂദന്മാർ നിക്കോദിമോസിനെ യെരുശലേമിൽനിന്ന് ഓടിച്ചുവെന്നും ഉദ്യോഗഭ്രഷ്ടനാക്കിയെന്നും പത്രോസ് ശ്ലീഹായും യോഹന്നാൻ ശ്ലീഹായും ചേർന്ന് നിക്കോദിമോസിനെ സ്നാനം കഴിപ്പിച്ചെന്നും വിവരിക്കുന്നുണ്ട്.

നിക്കൊദിമോസിന്റെ ഭൗതിക അവശിഷ്ടങ്ങൾ ഗമാലിയേലിന്റെയും (ഗമാലിയേലിന്റെ പുത്രന്റെ?) പ്രഥമ രക്തസാക്ഷിയായ സ്തേഫാനോസിന്റെയും കല്ലറയിൽ കണ്ടെത്തിയതായും പറയപ്പെടുന്നു. നിക്കൊദിമോസിന്റെ ഓർമ്മ മാർച്ച് 11-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 10. ഫത്തിയൂൻ

### (ഏ.ഡി ? - 740/741)

ഫത്തിയൂൻ ഒരു സൊറോട്രിയൻ (pre-Islamic religion) മതാനുസാരിയായിരുന്നു. ഇദ്ദേഹം റ്റിർഹാനിലെ മെത്രാപ്പോലീത്തായും ബെത്ത് ഗർമയ് എന്ന സ്ഥലത്തുനിന്നുള്ളവനുമാണെന്ന് ബാർ എബ്രായ രേഖപ്പെടുത്തിയിട്ടുണ്ട്. ഇദ്ദേഹം ക്രിസ്തീയ വിശ്വാസം സ്വീകരിക്കുകയും അമ്മാവനായ യാസ്ദിൻ സന്യാസിയോടുകൂടെ സാബ് പ്രദേശങ്ങളിൽ സുവിശേഷ പ്രചരണം നടത്തുകയും ചെയ്തു.

ഫത്തിയൂൻ അദോർഹോർമിസിനെയും അദ്ദേഹത്തിന്റെ മകൾ അനാഹിദിനെയും ക്രിസ്തുമതാനുസാരികളാകുന്നതിന് സഹായിച്ചു. യാസിദിഗർട് രണ്ടാമന്റെ ഭരണകാലത്ത് ഫത്തിയൂൻ രക്തസാക്ഷിയായി.

യാസിദിഗർട് രണ്ടാമന്റെ കാലഘട്ടത്തിൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്നതായി ധാരാളം ആശ്രിത ഗ്രന്ഥങ്ങളിൽ പമാർശിച്ചിട്ടുണ്ട് (e.g., Drake, 2006). ഫത്തിയൂൻ ഉത്തമമായ ജീവിതം നയിച്ചിരുന്ന വ്യക്തിയായിരുന്നു. മുസ്ലീം ഗവർണറായിരുന്നു ഹാലിദ് അൽ കസ്റിയുമായി നല്ല ബന്ധം നിലനിർത്തിയിരുന്നു. ഗവർണറുടെ മാതാവ് ഒരു ക്രിസ്ത്യാനിയായിരുന്നു (http://syriaca.org/person/1409).

പതിനൊന്ന് വർഷം സഭയെ നയിച്ച ഫത്തിയൂൻ ഏ.ഡി. 740/1ൽ രക്തസാക്ഷി മരണം പ്രാപിച്ചു. ഡയർബക്കറിൽ ഫത്തിയൂന്റെ നാമത്തിൽ ഒരു പള്ളിയുണ്ടായിരുന്നു (Walker, 2006). മോർ ഫത്തിയൂന്റെ ഓർമ്മ സുറിയാനി സഭ ഒക്ടോബർ 25-ാം തീയതി ആചരിക്കുന്നു.

# 11. യെരുശലേമിലെ മോർ യൂഹാനോൻ

**(ഏ.ഡി. 356 - 417)**

ചെറിയ പ്രായത്തിൽ തന്നെ സന്യാസജീവിതം ആരംഭിച്ച യൂഹാനോൻ ഏ.ഡി. 356ൽ ജനിച്ചു. യെരൂശലേമിൽ കൂടിയ സഭാ പിതാക്കന്മാരുടെ സമ്മേളനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ പ്രമുഖരിൽ ഒരാളായി ഇദ്ദേഹം അറിയപ്പെടുന്നു (https://www.britannica.com/biography/John-of-Jerusalem).

ദൈവശാസ്ത്രജ്ഞനായ യെരൂശലേമിലെ മോർ യൂഹാനോൻ ഏ.ഡി. 387ൽ യെരൂശലേമിന്റെ മെത്രാപ്പോലീത്തയായി. അലക്സാന്ത്രിയായിലെ ഒറിഗന്റെ കാഴ്ചപ്പാടുകളോട് അനുഭാവമുണ്ടായിരുന്ന മോർ യൂഹാനോനെ വിശുദ്ധ ജെറോമും സലാമിസിലെ എപ്പിപ്പാനിയോസ് (d. 402/3) എതിർത്തിരുന്നു. മോർ എപ്പിപ്പാനിയോസ് ഒറിഗനെതിരായി പലസ്തീനിലെ സന്യാസികളെ പ്രചോദിപ്പിച്ചതിനാൽ അവർ യെരൂശലേമിലെ വിശുദ്ധ സ്ഥലങ്ങളിൽ പ്രവേശിക്കുന്നത് തടയുകയും അവരാൽ ക്രിസ്തുമതം സ്വീകരിച്ചവരെ മാമോദീസാമുക്കുന്നതിനും അവരുടെ മരിച്ചവരെ കബറടക്കുന്നതിനും വിസമ്മതിക്കുകയും ചെയ്തു. അതേ തുടർന്നുണ്ടായ ആരോപണങ്ങൾ ഗ്രീക്കുകാരുടെയിടയിലും പടിഞ്ഞാറൻ സഭയിലും മറ്റൊലികൊള്ളുകയും ചെയ്തു.

അലക്സന്ത്രിയ പാത്രിയർക്കീസായ തെയൊഫിലോസിന്റെ (d. 412) മദ്ധ്യസ്ഥതയിൽ ഏ.ഡി. 391ൽ അനുരഞ്ജനം സാധ്യമാകുകയും ചെയ്തു. എന്നാൽ 'ദൈവിക സഹായം കൂടാതെ തന്നെ' മനുഷ്യന് സദാചാര ജീവിതം നയിക്കുന്നതിന്

സാധിക്കുമെന്ന് പെലാജിയസിന്റെ നിലപാട് വീണ്ടും പ്രശ്ന ങ്ങൾ സൃഷ്ടിച്ചു.

പുതുതായി സ്നാനമേറ്റവർക്കുവേണ്ടിയുള്ള വേദപഠന സംബന്ധമായ കുറെ ഉപദേശങ്ങൾ ക്രോഡീകരിക്കുന്നതിൽ യെരുശലേമിലെ മോർ സിറിളിനോടുകൂടെ മോർ യൂഹാനോനും പങ്കാളിയായിരുന്നുവെന്ന് കരുതപ്പെടുന്നു. ഈ ഉയിർപ്പ് പ്രസംഗ ങ്ങളുടെ പരമ്പര F. L. Cross (1951) ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യെരൂശലേമിലെ മോർ യൂഹാനോന്റെ ഓർമ്മ ജൂൺ 7-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 12. മോർ കൗമാ

## (ആറാം നൂറ്റാണ്ട്)

പരിശുദ്ധന്മാരും പ്രവാചകന്മാരും അധിവസിക്കുന്ന സ്വർഗ്ഗീയ വാസസ്ഥലത്തെ തിളങ്ങുന്ന ഒരു നക്ഷത്രമാണ് മോർ കൗമാ. കഠിന താപസചര്യകളാലും ദൈവവിശ്വാസ സ്ഥിരതയാലും മോർ കൗമാ 'ഭൂമിയിലെ മാലാഖ' എന്നും 'മെക്ഫ്രൂക്തിലെ വിലാപി' എന്നും അറിയപ്പെടുന്നു. കൗമാ എന്ന സുറിയാനി പദത്തിന് 'നിൽപ്പ്' എന്നാണർത്ഥം (Phinelias, 2008).

മോർ കൗമായുടെ മാതാപിതാക്കൾ സത്യവിശ്വാസികളായിരുന്നു. അവർ മെക്ഫ്രുക്തിലാണ് താമസിച്ചിരുന്നത് (Mecfrukthi, Turkey). അവർക്ക് മക്കളില്ലായിരുന്നു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി അവർക്ക് ജനിച്ച മകനാണ് കൗമാ. കൗമായുടെ സഹോദരിയുടെ പേര് അഗുസിയാ എന്നാണ്. കൗമായുടെ ആദ്യപേര് ശെമവൂൻ എന്നായിരുന്നു (http://www.stpetersandstpaulschurch.com/hist.aspx). ശെമവൂൻ ചുവപ്പു കലർന്ന വെളുത്ത നിറത്തോട് കൂടിയവനും നീണ്ട മുടികളുള്ളവനുമായിരുന്നു (Phinelias, 2008).

ശെമവൂനും അഗുസിയയും എല്ലാകാര്യങ്ങളിലും പരസ്പരം സഹായിക്കുകയും രണ്ടുപേരും സന്യാസജീവിതം നയിക്കുന്നതിനാഗ്രഹിക്കുകയും ചെയ്തു. ദൈവകരുണയാൽ അവർ പ്രായത്തിൽ വളരുന്തോറും ആത്മിക അഭിവൃദ്ധി പ്രാപിക്കുകയും

ചെയ്തു. അഗുസിയ പിന്നീട് ഫോലോഗ് എന്നറിയപ്പെട്ടു. കൗമായും ഫോലോഗും വനത്തിലൂടെ സഞ്ചരിക്കുമ്പോൾ മറ്റൊരു കന്യ കയെ കണ്ടുമുട്ടി അവളുടെ പേര് യേശു എന്നായിരുന്നു.

പിന്നീട് ഇവർ മൂവരും കൂടി വനത്തിലൂടെ യാത്ര പോകു മ്പോൾ അവർക്ക് ഒരു ദൈവിക ദർശനമുണ്ടായി. കുറേയകലെ വനാന്തരത്തിൽ ഗബ്റൂനോ (Gabaroono) എന്ന് പേരുള്ള ഒരു സന്യാസി വൃക്ഷത്തിൻ മുകളിൽ ഒരു കുടിൽ കെട്ടി അതിനു ള്ളിൽ 54 വർഷങ്ങളായി നിന്നുകൊണ്ട് തപസ്സ് ചെയ്യുന്നുണ്ട് എന്നും, ഇവർ മൂവരും അവിടെ എത്തണമെന്നും ആയിരുന്നു ദർശനം. മാത്രമല്ല, വൃക്ഷത്തിൽ കെട്ടിയിട്ടുള്ള ആ ചെറു കുടിലിൽ ഇനി മോർ ശെമ്ഊൻ (കൗമാ) പ്രവേശിച്ച് തപസ്സ് ആരംഭിക്കണമെന്നും അവർക്ക് ദൈവിക സന്ദേശം ലഭിച്ചു. ഇപ്ര കാരമുള്ള സന്ദേശം, അവിടെ തപസ്സ് ചെയ്യുന്ന ഗബ്റൂനൊ എന്ന സന്യാസിക്കുകൂടെ ദൈവം നൽകി. അങ്ങനെ അവർ ആ വൃക്ഷത്തിനരികെ എത്തി. അത് വലിയ വനത്തിനുള്ളിൽ ഒരു മഹാവൃക്ഷമായിരുന്നു. നിലത്തുനിന്ന് ഒരാൾ പൊക്കത്തിൽ ആ വൃക്ഷം മൂന്ന് കവരങ്ങളായി തിരിഞ്ഞിരുന്നു. ഈ കവ രകളുടെ നടുവിൽ ഉള്ള സ്ഥലത്ത് ഒരു കുടിലിനകത്ത് ഒരു ചെറിയ മേശയും, വൃക്ഷത്തിൻകീഴെ ഒരു ചെറു കിണറും ഉണ്ടായിരുന്നു. ഉറവയിൽനിന്നും വെള്ളം കോരുവാൻ, കയർ കെട്ടിയ ഒരു ചെറിയ തൊട്ടിയും കുടിലിനുള്ളിൽ വെച്ചിരുന്നു. അവിടെ തപസ്സു ചെയ്തിരുന്ന ഗബ്റൂനൊ സന്യാസി ഇവർ മൂന്നുപേരെയും സസന്തോഷം സ്വീകരിക്കുകയും പ്രാർത്ഥന യ്ക്കുശേഷം എല്ലാവരും ലഘുഭക്ഷണം കഴിക്കുകയും ചെയ്തു. അനന്തരം പ്രത്യേക പ്രാർത്ഥനകൾ അവർ എല്ലാവരും ഒരുമിച്ച് നിർവ്വഹിക്കുകയും ചെയ്തു.

പ്രാർത്ഥനയ്ക്ക് ശേഷം ആ കുടിലിൽ തപസ്സിനായി ശെമ്ഊൻ പ്രവേശിക്കുകയും ഗബ്റൂനോ എന്ന പിതാവ് അവിടെ നിന്നും യാത്രയാകുകയും ചെയ്തു. മോർ കൗമാ അമ്പത് ദിവസത്തേക്ക് ഒരു അത്യുഗ്ര നോമ്പും ഉപവാസവും അനുഷ്ഠിക്കുവാൻ തീരുമാനിച്ചു. ഈ അമ്പതു ദിവസത്തെ ഭക്ഷണത്തിനായി 50 കരുവേലകപഴങ്ങൾ യേശുവും, ഫുലോഗും കൂടി മോർ കൗമായ്ക്ക് കൊണ്ടുവന്നു കൊടുത്തു. അതിന് ശേഷം അവർ ഇരുവരും അവിടെനിന്നും പോകണമെന്നും 50 ദിവസങ്ങൾക്കുശേഷം തിരിച്ചുവന്നാൽ മതി എന്നും മോർ കൗമാ

അവരോട് നിർദ്ദേശിക്കുകയും ചെയ്തു. അവർ ദൂരെ എവിടെ യോ ദൈവം നിശ്ചയിച്ച സ്ഥലത്ത് പോയി പ്രാർത്ഥനയിൽ ജാഗരിച്ച് ജിവിച്ചു. മോർ കൗമാ ആ കുടിലിൽ നിന്നുകൊണ്ട് ഉഗ്രതപസ്സും പ്രാർത്ഥനയും ആരംഭിച്ചു. അമ്പത് ദിവസങ്ങൾ കഴിഞ്ഞ് അവർ തിരിച്ചുവന്നു. അവർ മോർ കൗമായ്ക്ക് നൽകി യിരുന്ന 50 കരുവേകപ്പഴങ്ങളിൽ 15 എണ്ണം മാത്രമേ അദ്ദേഹം ഭക്ഷിച്ചിരുന്നുള്ളൂ. പിന്നീട് മോർ കൗമാ അവരോട് ഇരുവരോ ടും അവർ എപ്പോഴും തന്റെ കൂടെ താമസിക്കേണ്ട ആവശ്യ മില്ലായെന്നും, അവർ വേറൊരു സ്ഥലത്ത് പോയി പ്രാർത്ഥന യിലും, ജാഗരണത്തിലും മുഴുകി ജീവിച്ചാൽ മതിയെന്നും, വല്ലപ്പോഴും ദൈവനിർദ്ദേശപ്രകാരം ചെറുസന്ദർശനത്തിന് വന്നാൽ മതിയെന്ന് പറയുകയും ചെയ്തു.

ഒരു അവസരത്തിൽ യേശു-ഫുലോഗ് സന്യാസിനിമാർ മോർ കൗമായുടെ അടുക്കൽ സന്ദർശനത്തിന് വന്നപ്പോൾ, തനിക്ക് റോമയിൽ മോർ പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ കബറിടത്തിൽ പോകണമെന്ന് വലിയ ആഗ്രഹം ഉണ്ടെന്ന് പറഞ്ഞു. അങ്ങനെ ഒരു സന്ദർശനത്തിന് ആഗ്രഹിച്ചുകൊണ്ടി രിക്കുകയാണെന്ന് അവരും പറഞ്ഞു. പെട്ടെന്ന് പരിശുദ്ധാത്മ ശക്തിയാലും ആവാസത്താലും അവർ മൂന്നുപേരും ആയാറി ൽക്കൂടി (അന്തരീക്ഷത്തിൽ) നിമിഷവേഗത്തിൽ വഹിക്കപ്പെട്ടു. റോമിൽ മോർ പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ കബറിട ങ്ങളിൽ എത്തി വന്ദിച്ചു പ്രാർത്ഥിച്ചു. മാത്രമല്ല, മോർ കൗമാ വി. മദ്ബഹായിൽ പ്രവേശിച്ച് വി. കുർബ്ബാന അനുഭവിക്കുകയും അവർ ഇരുവർക്കും കൂടെ നൽകുകയും ചെയ്തു. ഇങ്ങനെ ഒരു പ്രാവശ്യമല്ലാതെ, മോർ കൗമാ വൃക്ഷത്തിലെ കുടിലിൽനിന്നും ഒരിക്കലും പുറത്ത് പോയിട്ടില്ല.

ഒരവസരത്തിൽ യേശുവും, ഫൂലോഗും മോർ കൗമായെ സന്ദർശിക്കുവാൻ വരുമ്പോൾ അദ്ദേഹം മരണസമയത്തെ പ്രാർ ത്ഥനകൾ ചൊല്ലുകയായിരുന്നു. അവർ വൃക്ഷത്തിൽ കയറി മോർ കൗമായ്ക്ക് സമാധാനം കൈമാറി. ഒട്ടും വൈകാത മോർ കൗമാ കർതൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. യേശുവും, ഫൂലോഗും ദൃഷ്ടികളെ ഉയർത്തിയപ്പോൾ മോർ കൗമായുടെ ആത്മാവ് പറുദീസായിലേക്ക് അനേകം മാലാഖമാരുടെയും, പരിശുദ്ധന്മാരുടെയും ആഘോഷസമേതം കരേറുന്ന ദൈവിക ദർശനം കണ്ടു.

മോർ കൗമായുടെ ആത്മാവ് പറുദീസായിലേക്ക് ആഘോഷത്തോടെ പ്രവേശിക്കുമ്പോൾ നിരവധി ദുരാത്മാക്കളും, പിശാചുക്കളും അകലെ നിന്ന് അയാൾ രക്ഷിക്കപ്പെട്ടു എന്ന് പറഞ്ഞ് നിരാശയിൽ വിലപിക്കുന്ന കാഴ്ചയും യേശുവിനും ഫൂലോഗിനും ഉണ്ടായി.

മോർ കൗമായുടെ പതിവ്, കുരിശാകൃതിയിൽ ഇരുകൈകളും നീട്ടി നിന്ന് പ്രാർത്ഥിക്കുകയെന്നതായിരുന്നു. അദ്ദേഹം മരിച്ചതിന് ശേഷവും ശരീരം വീണുപോകാതെ, അത്ഭുത ദൈവകൃപയാൽ അങ്ങനെതന്നെ നിന്നിരുന്നുവെന്ന് പറയപ്പെടുന്നു. മോർ കൗമാ ഭാഗ്യമരണം പ്രാപിച്ച ഉടൻ തന്നെ വൃക്ഷത്തിൻ കീഴിലുള്ള ഉറവ അപ്രത്യക്ഷമായി. പരിശുദ്ധ മാലാഖ യേശുവിനോടും ഫുലോദിനോടും ഇനി അവർ മോർ കൗമായുടെ ശരീരം കാണുവാൻ വൃക്ഷത്തിലേക്ക് കയറരുതെന്നും കൽപ്പിച്ചു.

45 കൊല്ലം നിന്നനിലയിൽ പ്രാർത്ഥിച്ചു എന്നല്ലാതെ, മോർ കൗമാ മരിച്ച ദിവസമോ, കൊല്ലമോ ഒന്നും തന്നെ ചരിത്രത്തിൽ എഴുതിയിട്ടില്ല. പരിശുദ്ധ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവാ (കുന്നംകുളത്ത് കബറടങ്ങിയ) മോർ കൗമായുടെ പരിശുദ്ധ അസ്ഥി വിശുദ്ധ ജലത്തിൽ ഇട്ട് വളരെ നേരം പ്രാർത്ഥിച്ച് രോഗികൾക്കും മറ്റ് വിശ്വാസികൾക്കും നൽകുന്ന പതിവ് ഉണ്ടായിരുന്നു. മോർ കൗമായുടെ തിരുശേഷിപ്പുകൾ മഴുവന്നൂർ, പെരുമ്പാവൂർ, തൃപ്പൂണിത്തുറ നടമേൽ എന്നിങ്ങനെ ഏതാനും പള്ളികൾ സ്ഥാപിച്ചിട്ടുണ്ട്. മോർ കൗമായുടെ ശരീരം ഘോരവനത്തിലെ ഈ വൃക്ഷത്തിൽനിന്നും ഏത് കാലത്ത് ഇറക്കിയെന്നും, തിരുശേഷിപ്പുകൾ ആര് മുഖാന്തിരം ശേഖരിച്ച് വിതരണം ചെയ്യപ്പെടുവാൻ ഇടയായി എന്നും ചരിത്രത്തിൽ എഴുതിയിട്ടില്ല.

സഹോദരിമാരായ യേശുവും ഫുലോഗും പിന്നീട് ആ വൃക്ഷത്തിനടുത്തുള്ള ഒരു ഗുഹയിൽ സന്യാസി ജീവിതത്തിന്റെ ഉൽകൃഷ്ടചര്യകളിൽ ഒരു വർഷം ജീവിച്ചതിനുശേഷം കൃതൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. മോർ കൗമായുടെ ഓർമ്മ സുറിയാനി സഭ സെപ്റ്റംബർ 1-ാം തീയതി ആചരിക്കുന്നു.

# 13. ഏകാന്തവാസിയായ വിശുദ്ധ ഏശായാ

## (ഏ.ഡി. c. 370–491?)

ഏകാന്തവാസിയായ വിശുദ്ധ ഏശായ സ്കീറ്റിൽ (ഈജിപ്റ്റ്) ജീവിച്ചിരുന്ന ഒരു സന്യാസിയാണ്. മഹാനായ വിശുദ്ധ മക്കാറിയോസിന്റെ (ഏ. ഡി. 300–390) സമകാലീനനായിരുന്നു ഏശായാ ഏ.ഡി. 431നു ശേഷം പലസ്തീനിലേക്കു മാറി താമസിക്കുകയും ഏറെ പ്രായം ചെന്നശേഷം ഉദ്ദേശം ഏ.ഡി. 491ൽ ഗാസക്കു സമീപം കാലംചെയ്യുകയും ചെയ്തു.

പൈശാചിക വഞ്ചനക്കെതിരെ മനുഷ്യന്റെ ബുദ്ധിയെ കാത്തുസംരക്ഷിക്കുന്നതിനെ സംബന്ധിച്ച് 27 പ്രബന്ധങ്ങൾ ഇദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്. അവയിൽ ചിലത് - ദേഷ്യം കൂടാതെ ഒരു മനുഷ്യന് വിശുദ്ധി ആർജിക്കാൻ കഴിയുകയില്ല; ശത്രുവിതച്ച വിത്തിനെപ്രതി ഒരുവന് ദേഷ്യം ഉണ്ടാകണം. ഒരു മനുഷ്യൻ ഈ ലോകത്തിന്റെ പ്രവർത്തനങ്ങളെ വെറുക്കുന്നില്ലെങ്കിൽ അവന് ദൈവത്തെ ആരാധിക്കുവാൻ കഴിയുന്നതല്ല. അങ്ങനെയെങ്കിൽ ദൈവ ആരാധന എന്നാൽ അർത്ഥമാക്കുന്നതെന്ത്? നാം പ്രാർത്ഥിക്കുമ്പോൾ, ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ നമ്മുടെ ബുദ്ധിയിൽ ബാഹ്യമായതൊന്നും, ജഡികമായതൊന്നും, വെറുപ്പായതൊന്നും, അസൂയ തോന്നുന്നതൊന്നും നമ്മെ തടസ്സപ്പെടുത്തരുത്. ദ്രോഹബുദ്ധിയോടെ എങ്ങനെ ദൈവത്തെ പാടിപുകഴ്ത്താൻ കഴിയും? ജഡത്തിന്റെ ആഗ്രഹങ്ങളിൽനിന്നും ആത്മാവിനെ മനസ്സ് വീണ്ടെടുക്കുകയും നിർവ്വികാരതയെ ഉത്തേജിപ്പിക്കുകയും ചെയ്യുമ്പോൾ, വികാരങ്ങൾ ആത്മാവിനെ (നാണമില്ലാതെ) ആക്രമിക്കുന്നു. ഇന്ദ്രിയങ്ങളെ പാപബന്ധനത്തിൽ വരിഞ്ഞുമുറുക്കുന്നതിന് നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ദൈവത്തോട് രഹസ്യത്തിൽ വിളിച്ചപേക്ഷിക്കുന്നവർക്ക് ഇവയെല്ലാം കാണുന്ന ദൈവം സഹായം അയച്ചുകൊടുക്കുകയും ജഡാഭിലാഷങ്ങളെ നിഹനിക്കുകയും ചെയ്യുന്നു.

ഒരു മനുഷ്യൻ തിന്മയിൽനിന്നും തന്നെതന്നെ വേർപ്പെടുത്തുമ്പോൾ അവൻ ദൈവത്തിനെതിരായി ചെയ്ത പാപ

ങ്ങളെക്കുറിച്ച് അവന് ശരിയായ ബോധമുണ്ടാകുന്നു. വെറുപ്പോടുകൂടി പാപത്തെ നിരസിക്കുന്നവനു മാത്രമേ അവന്റെ പാപത്തെ കാണുവാൻ സാധിക്കുകയുള്ളൂ. ഈ നിലയിലേക്കെത്തിയ വ്യക്തികൾ കണ്ണുനീരോടുകൂടി ദൈവത്തോടു പ്രാർത്ഥിക്കുകയും കഴിഞ്ഞകാലങ്ങളിൽ ജഡികവികാരങ്ങളോടു പുലർത്തിയ സ്നേഹത്തെ പ്രതി ലജ്ജകൊണ്ട് നിറയുകയും ചെയ്യും. ആയതിനാൽ എല്ലാ ശക്തിയോടുംകൂടെ ആത്മികവഴികളെ പിന്തുടരുകയും ദൈവം തന്റെ വലിയ കരുണയാൽ നമ്മെ സഹായിക്കുകയും ചെയ്യും. നിത്യേന ദൈവതിരുമുമ്പാകെ സ്വയം പരിശോധിക്കുകയും നിന്റെ ഹൃദയത്തിലെ ജഡികാഗ്രഹങ്ങളെ കണ്ടുപിടിക്കുകയും വേണം. അവയെ പുറത്തുകളയുകയും ന്യായവിധിയിൽനിന്നു രക്ഷപെടുകയും ചെയ്യണം.

ഹൃദയത്തിൽ തിന്മപ്പെട്ട വിചാരങ്ങളെ താലോലിച്ചുകൊണ്ട് അധരങ്ങൾകൊണ്ട് ദൈവത്തോട് സംസാരിക്കുന്നത് പ്രാർത്ഥനയ്ക്ക് അനുയോജ്യമല്ല. ദുഷ്ടവിചാരങ്ങളുടെ ഉദ്ദീപനങ്ങളെ ഹൃദയത്തിൽനിന്ന് മാറ്റി ഇന്ദ്രിയങ്ങളെ സൂക്ഷിക്കാതെ, കലങ്ങിമറിഞ്ഞ ജാഗ്രതയില്ലാത്ത (അലക്ഷ്യമായ) പ്രാർത്ഥന ദൈവമുൻപാകെ സ്വീകാര്യമല്ല (Palmer, Sherrard & Ware, 1979, pp. 22-28).

## 14. വിശുദ്ധ നികിത

### (? - ഏ. ഡി. 372?)

നികിത ഒരു സമ്പന്ന കുടുംബത്തിൽ നാലാം നൂറ്റാണ്ടിൽ ഭൂജാതനായി. ഢനുബെ നദിക്കരികിൽ (ഇപ്പോൾ റൊമാനിയ) താമസിച്ചിരുന്ന ഗോത്തിക് വംശത്തിൽ പെട്ടവരായിരുന്നു മാതാപിതാക്കൾ (https://russianicons.wordpress.com/tag/st-nikita/). ഏ.ഡി. 325ൽ കൂടിയ നിഖ്യാ സുന്നഹദോസിൽ പങ്കെടുത്ത മോർ തെയൊഫിലോസ് മെത്രാപ്പോലീത്തയാണ് നികിതയെ മാമോദീസാ മുക്കിയത്. ഒരു വംശീയ കലാപം പൊട്ടിപുറപ്പെടുകയും നികിത ക്രിസ്ത്യാനികളുടെ നേതാവായ ഫ്രിറ്റിജെനോടു ചേർന്ന് പടയാളിയായി പ്രവർത്തിച്ചു. എതിരാളികൾ അത്തനാറിക്കിന്റെ നേതൃത്വത്തിൽ സംഘടിച്ചു പ്രവർത്തിച്ചു.

ഫ്രിജിറ്റിന്റെ സേന അത്തനാറിക്കിനെ പരാജയപ്പെടുത്തുകയും ക്രിസ്തുമതം കൂടുതൽ സ്ഥലങ്ങളിലേക്ക് പ്രചരിക്കുകയും ചെയ്തു. നികിത ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. കുറച്ചു നാളുകൾക്കുശേഷം അത്തനാറിക്ക് അധികാരം വീണ്ടെടുക്കുകയും ഗോത്തിക്ക് വംശജരായ ക്രിസ്ത്യാനികളെ ആക്രമിക്കുകയും ചെയ്തു. നികിത പിടിക്കപ്പെടുകയും കഠിന ദണ്ഡനങ്ങൾക്കു വിധേയനാക്കുകയും ഒടുവിൽ തീയിൽ എറിയപ്പെടുകയും ചെയ്തു. നികിതയുടെ ജീവിതം രക്തസാക്ഷിമരണം എന്നിവയെ സംബന്ധിച്ച വിവരണങ്ങൾ പല ആശ്രിത ഗ്രന്ഥങ്ങളിലും വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

മറ്റൊരു വിവരണമനുസരിച്ച് നികിത റോമൻ ചക്രവർത്തിയായ മാക്സിമിലിയന്റെ മകനായിരുന്നുവെന്നും ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിനാൽ നികിത പീഡിപ്പിക്കപ്പെട്ടു എന്നും മൂന്നുവർഷം തടവിലാക്കപ്പെട്ടു എന്നുമാണ്. മരിച്ച ഏതാനും പേരെ നികിത ജീവിപ്പിച്ചുവെന്നും എന്നിട്ടും മാക്സിമിലിയൻ വിശ്വസിച്ചില്ല. നികിത വളരെയേറെ പേരെ മാനസാന്തരപ്പെടുത്തി. വിശുദ്ധ നികിതയുടെ ഓർമ്മ സുറിയാനി സഭ ആഗസ്റ്റ് 4-ാം തീയതി ആചരിക്കുന്നു.

# 15. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ ഫിലമോൻ

### (ഒന്നാം നൂറ്റാണ്ട്)

എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ ഫിലമോൻ ഗാസയിലെ മെത്രാപ്പോലീത്തയായിരുന്നു. ഫിലമോൻ അർച്ചിപ്പസിനോടുകൂടെ കൊലോസ്യ പട്ടണത്തിൽ സുവിശേഷം അറിയിച്ചു. ഒരു വിജാതിയരുടെ പെരുന്നാൾ ദിവസം സഭ ഫിലമോന്റെ ഭവനത്തിൽ പ്രാർത്ഥനയ്ക്കായി കൂടി വന്നപ്പോൾ വിജാതിയർ ഫിലമോനെയും അർച്ചിപ്പസിനെയും ഭവനത്തിലെത്തി പിടികൂടുകയും വധിക്കുകയും ചെയ്തു. അവരെ അരയ്ക്കൊപ്പം മണ്ണിൽ കുഴിച്ചിടുകയും കല്ലെറിഞ്ഞുകൊല്ലുകയുമാണ് ചെയ്തത്.

ഫിലമോന്റെ മുൻകാല അടിമയായിരുന്ന ഒനിസിമസിനെ ഉദ്ദേശിച്ച് അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ എഴുതിയതാണ് കൊലോസ്യ ലേഖനം. പുതുതായി ശിഷ്യനായ ഒനിസിമസിനോടുള്ള സ്നേഹം തടവറയിൽനിന്ന് എഴുതിയ ഈ ലേഖനത്തിൽനിന്നും സ്പഷ്ടമാണ്. മുൻകാലങ്ങളിൽ ഒനിസിമസിന്റെ തെറ്റുകൾ പരിഗണിക്കരുതെന്ന് ഈ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നു. സ്വതന്ത്രനും അടിമയും ക്രിസ്തീയ സ്നേഹത്തിൽ വിഭിന്നരല്ല എന്ന് പരാമർശിച്ചിരിക്കുന്നു. ഈ ലേഖനം റോമിൽവച്ച് എ.ഡി. 61ൽ എഴുതപ്പെട്ടതായി കരുതാം (https://www.britannica.com/topic/The-Letter-of-Paul-to-Philemon).

തന്റെ യജമാനനിൽനിന്ന് പണം അപഹരിച്ച് ഓടിപ്പോയ ഒനിസിമസിനെ പരാമർശിച്ച് ഫ്രിജിയിലെ ക്രിസ്ത്യാനികൾക്ക് എഴുതിയ ലേഖനം വളരെ വ്യക്തിഗതമായ പരാമർശങ്ങൾ ഉൾക്കൊള്ളുന്നതും ഏറ്റവും ദൈർഘ്യം കുറഞ്ഞതുമാണ്. ഒനിസിമസിനെ 'വാത്സല്യ സഹോദരൻ' എന്നാണ് പരാമർശിച്ചിരിക്കുന്നത്. ഒനിസിമസ് എന്ന ഗ്രീക്ക് പദത്തിന് 'പ്രയോജനമുള്ളവൻ' എന്നാണ് അർത്ഥം.

ഫിലമോന് എഴുതിയ ലേഖനം ഒരു ഭവനത്തിൽ കൂടിവന്ന ക്രിസ്തീയ സഭയ്ക്കുവേണ്ടി എഴുതിയ ലേഖനമാണ്. ആ ലേഖനം അവസാനിപ്പിക്കുന്നത് ബഹുവചന വാഴ്‌വുകളോടെയാണ്. എന്നാൽ ലേഖനത്തിന്റെ ഉള്ളടക്കത്തിൽ അടിമയുടെ യജമാനനെ പരാമർശിച്ച് ഏകവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. അപ്പോസ്തോലനായ ഫിലമോന്റെ ഓർമ്മ നവംബർ 22-ാം തീയതി ആചരിക്കുന്നു.

## 16. പൗലോസ് ശ്ലീഹായുടെ ശിഷ്യനായ ഒനിസിമസ്

**(എ. ഡി. ? - 117)**

പൗലോസ് ശ്ലീഹായുടെ ശിഷ്യനായ ഒനിസിമസ് എഫേസോസിലെ മെത്രാപ്പോലീത്തയായിരുന്നു. അന്ത്യോഖ്യായുടെ മോർ ഇഗ്നാത്തിയോസ് എഫേസ്യർക്കെഴുതിയ കത്തിന്റെ ഭാഷാ

ശൈലി ഫിലമൊനെഴുതിയ ലേഖനത്തിനു സമാനതയുള്ള താണ്. കൊലൊസ്യയിൽ വച്ച് യജമാനനായ ഫിലമോനെ കൊള്ളയടിച്ച് റോമിലേക്ക് ഓടിപ്പോയ അടിമയായിരുന്നു ഒനിസിമസ്. അവിടെ വച്ച് പൗലോസ് ശ്ലീഹായാൽ മാനസാന്തരപ്പെട്ട് ഫിലമോന്റെ അടുക്കലേക്ക് മടക്കി അയയ്ക്കപ്പെട്ട ഒനിസിമസിനെ വിശ്വസ്തനും പ്രിയപ്പെട്ട സഹോദരനുമായി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നതായി കാണാം (കൊലൊ. 4:7-9; ഫില. 16:19).

ഫിലമോന്റെ ലേഖനം കാനോനിക ഗ്രന്ഥങ്ങളിൽ ഉൾപ്പെടാനുള്ള പ്രധാന കാരണമായി ചൂണ്ടികാണിക്കപ്പെട്ടുന്നത് സ്വതന്ത്രനും അടിമയും ദൈവത്തിന്റെ ശുശ്രൂഷയിലേക്ക് ചേർക്കപ്പെട്ടു എന്ന സന്ദേശമാണ്. അക്കാലത്തെ സാമൂഹിക ക്രമത്തിൽ ഈ വേർതിരിവില്ലാത്ത ചേർക്കപ്പെടൽ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ തന്നെ തുടർച്ചയാണ്. ഒനിസിമസിന്റെ ഓർമ്മ സുറിയാനി സഭ ഫെബ്രുവരി 15-ാം തീയതി ആചരിക്കുന്നു.

## 17. പൊന്തിയൊസ് പീലാത്തോസും ഭാര്യ പ്രോക്കുളയും

**(? - ഏ.ഡി. 39?)**

ഒന്നാം നൂറ്റാണ്ടിൽ തിബര്യോസ് ചക്രവർത്തിയുടെ റോമൻ ഗവർണറായിരുന്നു പൊന്തിയൊസ് പീലാത്തോസ്. ഇദ്ദേഹം ഇറ്റലിയിൽനിന്നുള്ളവനായിരുന്നുവെന്ന് കരുതപ്പെടുന്നു. വലേറിയസ് ഗ്രാറ്റസിന്റെ പിൻഗാമിയായി ഏ.ഡി. 26ൽ പൊന്തിയോസ് പീലാത്തോസ് സ്ഥാനമേറ്റു. യെഹൂദ്യാ, സമര്യ, ഇദ്ദുമിയ എന്നീ പ്രദേശങ്ങളുടെ ചുമതലക്കാരനായിട്ടാണ് പീലാത്തോസ് നിയമിതനായത്, എന്നിരുന്നാലും യെഹുദ്യായിലെ പ്രവർത്തനങ്ങളാലാണ് പീലാത്തോസ് കൂടുതൽ അറിയപ്പെടുന്നത് (https://www.biography.com/people/pontius-pilate-9440686). ഒരു റോമൻ ഗവർണർ സാധാരണയായി ഒന്നു മുതൽ മൂന്നു വർഷത്തേക്കാണ് നിയമിക്കപ്പെടാറുള്ളതെങ്കിലും പീലാത്തോസ്

പത്തുവർഷം ഈ സ്ഥാനത്തിരുന്ന് ഭരണം നടത്തി. ഈ കാലഘട്ടത്തിലാണ് (ഏ.ഡി. 26 – 36) സ്നാപക യോഹന്നാന്റെയും യേശുക്രിസ്തുവിന്റെയും പ്രേഷിത പ്രവർത്തനങ്ങൾ മുഴുവനും നിറവേറിയത് (Barnes, 1911).

പൊന്തിയോസ് പീലാത്തോസിന്റെ ചുമതലകൾ കരം പിരിക്കുന്നതുൾപ്പെടെ നിർമ്മാണ ജോലികൾക്ക് മേൽനോട്ടം വഹിക്കുക എന്നതായിരുന്നു. ഏറ്റവും ശ്രമകരമായ ഉത്തരവാദിത്വം നിയമവാഴ്ച നിലനിർത്തുക എന്നതായിരുന്നു. ഈ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് ശക്തമായ ബലപ്രയോഗം ഉൾപ്പടെ ഏതുമാർഗ്ഗവും പീലാത്തോസ് സ്വീകരിച്ചിരുന്നു. യെഹൂദ്യയിലെ ഗവർണർ എന്ന നിലയിൽ ഇദ്ദേഹം അഭിമുഖീകരിച്ച ഒരു പ്രശ്നമായിരുന്നു റോമാ സാമ്രാജ്യത്തിന്റെയും സന്നിദ്രീം സംഘത്തിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കുകയെന്നത്. റോമാ ഗവർമെന്റിന്റെ കാഴ്ചപ്പാടിൽ യേശുക്രിസ്തു യെഹൂദന്മാരുടെ രാജാവാണെന്ന് പ്രഖ്യാപിച്ചെങ്കിൽ അത് രാജ്യദ്രോഹക്കുറ്റമാണ്. ഒരു ഘട്ടത്തിൽ യേശുവിനെ മോചിപ്പിക്കുന്നതിന് പീലാത്തോസ് ആഗ്രഹിച്ചിരുന്നതായും തീരുമാനമെടുക്കുന്നതിൽ സംശാലുവായും സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (മത്താ. 27:15–25). ‘‘ആരവം വർദ്ധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാകുന്നില്ലെന്ന് കണ്ടപ്പോൾ പീലാത്തോസ് വെള്ളമെടുത്ത് പുരുഷാരത്തിന്റെ മുൻപിൽ വച്ച് കൈകൾ കഴുകികൊണ്ട് പറഞ്ഞു: ഈ നീതീമാന്റെ രക്തത്തിൽ ഞാൻ കുറ്റമറ്റവനാകുന്നു’’ (മത്താ. 27:25). പീലാത്തോസിന്റെ ഭാര്യ (പ്രോക്കുള) ആളയച്ചു പറയിച്ചതു ‘‘ഈ നീതിമാന് വിരോധമായി അങ്ങേയ്ക്ക് ഒന്നും ചെയ്യേണ്ടതായിട്ടില്ല’’ (മത്താ. 27:19).

കൈസര്യയിലെ ഹേരോദാസിന്റെ കൊട്ടാരത്തിൽ മൂവായിരത്തോളം പട്ടാളക്കാരുണ്ടായിരുന്നു. യെരൂശലേമിലെ പെരുന്നാൽ ദിനങ്ങളിൽ ധാരാളം ആളുകൾ വന്നുകൂടുകയും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനായി പട്ടാളക്കാർക്കൊപ്പം പീലാത്തോസും യെരൂശലേമിലുണ്ടായിരുന്നു. യേശുക്രിസ്തുവിനെ മോചിപ്പിക്കുന്നത് സ്വന്തസ്ഥാനം നിലനിർത്തുന്നതിന് ഭീഷണിയാകുമെന്ന ചിന്തയില്ലായിരുന്നെങ്കിൽ പീലാത്തോസ് യേശുക്രിസ്തുവിനെ വിട്ടയയ്ക്കുമായിരുന്നു.

പൊന്തിയോസ് പീലാത്തോസ് യേശുക്രിസ്തുവിനെ വിട്ടയയ്ക്കുന്നതിനാഗ്രഹിച്ചതിൽനിന്നും പീലാത്തോസ് ഒരു ക്രിസ്ത്യാനിയായിരുന്നുവെന്ന അഭിപ്രായം '*നിക്കോദിമോസിന്റെ സുവിശേഷം*' എന്ന ഇതരകാനോനിക ഗ്രന്ഥത്തിൽനിന്നും ഗ്രഹിക്കാവുന്നതാണ്. ശമര്യയിലുണ്ടായ ഒരു കലഹത്തെ തുടർന്ന് പീലാത്തോസിന്റെ ഭരണം അവസാനിക്കുകയും അദ്ദേഹത്തിനെതിരായ ആരോപണങ്ങൾക്ക് മറുപടി നൽകുന്നതിനായി റോമിൽ എത്തുന്നതിനുത്തരവുണ്ടാകുകയും ചെയ്തു. എന്നാൽ പീലാത്തോസ് പട്ടണത്തിൽ എത്തിച്ചേരുന്നതിനു മുമ്പ് തിബര്യയോസ് ചക്രവർത്തി നിര്യാതനായി.

പാരമ്പര്യമനുസരിച്ചു പീലാത്തോസും പ്രോക്കുളയും കൊല്ലപ്പെട്ടതായി കരുതപ്പെടുന്നു. അവർ കൊല്ലപ്പെട്ടത് ക്രിസ്തുവിലുള്ള വിശ്വാസംമൂലമാണെന്ന് തീർച്ചപ്പെടുത്താനാവില്ല. റോമാ സാമ്രാജ്യത്തിൽ അന്യദൈവ ആരാധനയ്ക്ക് ശിക്ഷയുണ്ടായിരുന്നില്ല. എന്നാൽ ചക്രവർത്തിയുടെ പ്രതിമയ്ക്കു മുമ്പിൽ ബഹുമാനാദരവുകൾ പ്രകടിപ്പിക്കുന്നതിന് വിസമ്മതിക്കുന്നവരെ ശിക്ഷയ്ക്ക് വിധിക്കുമായിരുന്നു. പൊന്തിയോസ് പീലാത്തോസിന്റെയും ഭാര്യ പ്രോക്കളുയുടെയും ഓർമ്മ സുറിയാനി സഭ ജൂൺ 25-ാം തീയതി ആചരിക്കുന്നു.

# 18. രക്തസാക്ഷിയായ സോഫിയ

### (ഏ. ഡി. രണ്ടാം നൂറ്റാണ്ട്)

സോഫിയയും അവളുടെ മക്കളും ഇറ്റലിയിലാണ് ജനിച്ചത് (http://www.st-sophia.com/st-sophia/). സോഫിയ അവളുടെ മക്കൾക്ക് - ഫെയ്ത്ത്, ഹോപ്, ലൗ (ക്രിസ്തീയ സുകൃതങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം) എന്നീ പേരുകൾ വിളിച്ചു. ഇവർക്ക് യഥാക്രമം 12, 10, 9 വയസ്സ് പ്രായമുണ്ടായിരുന്നു. ക്രിസ്തീയ സ്നേഹത്തിൽ വളർന്ന ഇവർ ഏവരുടേയും മുൻപിൽ ക്രിസ്തുവിനെ പരസ്യമായി സാക്ഷിക്കുമായിരുന്നു.

ഹദ്രിയൻ ചക്രവർത്തിയുടെ (ഏ.ഡി. 117-138) കാര്യദർശിയായ അന്തിയോക്കസ് ഇവരെ ശിക്ഷയ്ക്കു വിധിക്കുകയും

ചക്രവർത്തിയുടെ ആജ്ഞയനുസരിച്ച് റോമിലേക്ക് കൊണ്ടുപോകുകയും ചെയ്തു. അർത്തീമിയസ് ദേവിക്ക് ബലിയർപ്പിക്കുന്നതിന് ഹദ്രിയൻ ഇവരോട് ആജ്ഞാപിച്ചു. എന്നാൽ അവർ അവരുടെ വിശ്വാസത്തിൽ ഉറച്ചുനിന്നു (https://oca.org/saints/lives/1999/09/17/102638-martyr-sophia-and-her-three-daughters-at-rome). അതിനാൽ അവരെ കഠിന ദണ്ഡനങ്ങൾക്ക് വിധേയരാക്കി. കത്തുന്ന ചൂളയിലും ടാർ ഉരുക്കിയ കുട്ടകത്തിലും ഇട്ടുവെങ്കിലും അവർക്ക് ഒരു ആപത്തും സംഭവിച്ചില്ല.

ഏറ്റവും ഇളയ മകളായ സ്നേഹത്തെ ഒരു ചക്രവർത്തി കെട്ടിയിട്ട് അടിക്കുകയും അവളുടെ ശരീരം മുഴുവനും രക്തത്താൽ ആവരണം ചെയ്യപ്പെടുകയും ചെയ്തു. അങ്ങനെ ഓരോരുത്തരേയും പീഡിപ്പിക്കുന്നത് കണ്ടുനിന്ന സോഫിയ, സ്വർഗ്ഗീയ മണവാളനുവേണ്ടി അവയെല്ലാം സഹിക്കുന്നതിന് ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ മൂന്നു മക്കളും അവരുടെ കഴുത്തുകളെ വാളിനേൽപ്പിച്ചുകൊടുത്തു രക്തസാക്ഷികളായി.

സോഫിയയെ ആന്തരികമായി തളർത്തുന്നതിന് മക്കളുടെ മൃതശരീരങ്ങൾ എടുക്കുന്നതിന് ചക്രവർത്തി അനുവാദം നൽകി. സോഫിയ ആ മൃതശരീരങ്ങൾ പട്ടണത്തിനുപുറത്ത് ഒരു ഉയർന്ന മലയിൽ ആദരവോടെ സംസ്കരിച്ചു. മൂന്നു ദിവസം സോഫിയ ആ കബറുകൾക്കടുത്ത് ഇരുന്ന് തന്റെ ആത്മാവിനെ നാഥനു ഏൽപിച്ചുകൊടുത്തു. ശരീരത്തിൽ സോഫിയ രക്തസാക്ഷിയായിരുന്നില്ലെങ്കിലും അവൾക്കും രക്തസാക്ഷിത്വകിരീടം നഷ്ടമായില്ല, എന്തെന്നാൽ അവൾ ഹൃദയത്തിലാണ് കഷ്ടതയനുഭവിച്ചത്. സോഫിയയുടെ മൃതശരീരവും വിശ്വാസികൾ അവളുടെ മക്കളുടെ കബറുകൾക്കടുത്ത് സംസ്കരിച്ചു. മൊർത്ത്ശ്മൂനി സഹിച്ച കഷ്ടതകൾക്ക് സമാനമായ പീഡനങ്ങൾ സോഫിയ അനുഭവിച്ചതിനെ സംബന്ധിച്ച് ദീർഘമായ വിവരണങ്ങൾ ലഭ്യമാണ് (e.g., http://www.st-sophia.com/st-sophia/).

മറ്റൊരു സോഫിയയെ (എഡേസോയിലെ) സംബന്ധിച്ച പരാമർശം സുറിയാനി സഭാ കലണ്ടറിൽ കാണുന്നുണ്ട് (പെരുന്നാൾ നവംബർ 5).

# 19. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ ത്രൊഫിമൊസ്

### (ഒന്നാം നൂറ്റാണ്ട്)

ത്രൊഫിമൊസ്, അപ്പൊസ്തോലനായ പൗലോസ് ശ്ലീഹായുടെ ശിഷ്യനും വിജാതിയനും എഫേസോസിൽ നിന്നുള്ളവനുമായിരുന്നു(അപ്പൊ. പ്ര. 21:29). ത്രൊഫിമൊസിനെ അപ്പോസ്തോല പ്രവർത്തികൾ 20:4 ലും പൗലോസ് ശ്ലീഹാ തിമൊഥിയോസിനെഴുതിയ രണ്ടാം ലേഖനത്തിനും (2 തിമൊ. 4:20) പരാമർശിച്ചിട്ടുണ്ട്. ത്രൊഫിമൊസ്, പൗലോസ് ശ്ലീഹായോടുകൂടെ യാത്രചെയ്യുകയും പൗലോസ് ശ്ലീഹായോടുകൂടെ കഷ്ടതകളും പീഡനങ്ങളും ഏൽക്കുകയും ചെയ്തിട്ടുണ്ട്.

ത്രൊഫിമോസ് എന്ന പദത്തിന് 'വളർത്തുപുത്രൻ' എന്നാണ് അർത്ഥം (Bromiley, 1996). ത്രൊഫിമൊസ് രോഗിയായതിനാൽ മിലിത്തോസ് പട്ടണത്തിൽ വിട്ടിട്ട് പോന്നു എന്ന് തിമൊഥിയോസിന് എഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (2 തിമൊ. 4:20).

പൗലോസ് ശ്ലീഹായോടുകൂടെ യെരൂശലേമിൽ പോയിരുന്ന ത്രൊഫിമൊസിനെ ദൈവാലയത്തിൽ കൊണ്ടുവന്നുവെന്നാരോപിച്ച് ഒരു കലഹമുണ്ടാകുകയും പൗലോസ് കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും ചെയ്തു. ഇവൻ (പൗലോസ് ശ്ലീഹാ) പുറജാതിക്കാരെയും ഈ ദൈവാലയത്തിൽ പ്രവേശിപ്പിച്ച് ഈ പരിശുദ്ധ സ്ഥലത്തെ അശുദ്ധമാക്കിയിരിക്കുന്നു എന്ന് അവർ ആർത്തുവിളിച്ചു (അപ്പൊ. പ്ര. 21:27-28).

ത്രൊഫിമൊസ് എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനാണ്. ഇദ്ദേഹം പൗലോസ് ശ്ലീഹായോടുകൂടെ രക്തസാക്ഷി മരണം വരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് (http://www.orthodox.net/saints/70apostles.html; http://biblehub.com/library/hippolytus/the_extant_works_and_fragments_of_hippolytus/the_same_hippolytus_on_the.htm).

# 20. സന്യാസിയായ തിയൊഡോറസ്

**(ഏ.ഡി. 314 - 368)**

തിയൊഡോറസ്, പക്കോമിയോസിന്റെ (d. 348) ശിഷ്യനായിരുന്നു. പക്കോമിയോസ് സ്ഥാപിച്ച സന്യാസ പ്രസ്ഥാനം അന്യം നിന്നു പോകാതിരിക്കുന്നതിൽ തിയൊഡോറസ് വലിയ പങ്കു വഹിച്ചു (Butler, 1800).

തിയൊഡോറസ് ഉദ്ദേശം ഏ.ഡിയ 314ൽ തിബെയ്ഡിൽ ജനിച്ചു. തിയൊഡോറസിന്റെ മാതാപിതാക്കന്മാർ ധനികരായിരുന്നുവെങ്കിലും തിയൊഡോറസ് ലോകകാര്യങ്ങളിലും സമ്പന്നതയിലും സന്തോഷം കണ്ടെത്തിയില്ല. തിയൊഡോറസ് വിശുദ്ധ സുവിശേഷത്തിൽ ആകൃഷ്ടനാവുകയും ദനഹാ പെരുന്നാളിൽ പന്ത്രണ്ട് വയസ്സുള്ളപ്പോൾ ദൈവത്തിനായി സമർപ്പിക്കുകയും ചെയ്തു. സ്വഭവനത്തിൽ ഭക്തയായ മാതാവിനോടുകൂടെ ജീവിച്ചുവരവെ പതിനാലാം വയസ്സിൽ സന്യാസികളോടുകൂടെ (ഈജിപ്റ്റിൽ) ചേർന്നു.

പക്കോമിയോസ് സന്യാസിയുടെ ജീവിതചര്യകൾ അക്കാലത്ത് ഏറെ ബഹുമാനിക്കപ്പെട്ടിരുന്നതിനാൽ തിയൊഡോറസ് അദ്ദേഹത്തെ പിൻപറ്റുന്നതിനായി ത്തബീനയിലേക്ക് പോയി. ഒരിക്കൽ മാതാവ് തിയൊഡോറസിനെ സന്ദർശിക്കുന്നതിനാഗ്രഹിച്ചുവെങ്കിലും ലോകത്തെ തിരിഞ്ഞു നോക്കി പ്രലോഭനത്തിലുൾപ്പെടുമെന്ന ആശങ്കയിൽ തിയൊഡോറസ് ആ സന്ദർശനം വിലക്കി. അതേതുടർന്ന് മാതാവ് പക്കോമിയോസ് സന്യാസി സ്ഥാപിച്ച അടുത്തുള്ള ഒരു മഠത്തിൽ ചേരുകയും ചെയ്തു. അതുകൊണ്ട് തന്നെ തിയോഡോറസിനെ സന്യാസികളുടെ കൂടെ കാണുന്നതിന് അവസരങ്ങളുണ്ടായി. പക്കോമിയോസിനോടുകൂടെ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലുള്ള ദയറാകൾ (ആശ്രമങ്ങൾ) സന്ദർശിക്കുകയും മുപ്പതു വയസ്സുള്ളപ്പോൾ വൈദികനാകുകയും ചെയ്തു.

പക്കോമിയോസ് പാമ്പാനിലെ ഒരു ചെറിയ ആശ്രമത്തിൽ താമസമാക്കി. വൈകുന്നേരങ്ങളിൽ പക്കോമിയോസ് സന്യാസികൾക്കു നൽകുന്ന ഉപദേശങ്ങളിൽ അദ്ദേഹത്തെ സഹായിക്കുന്നതിനായി തിയൊഡോറസ് എന്നും അവിടെ പോകുമായിരുന്നു. ഈ ഉപദേശങ്ങൾ തിയൊഡോറസ് ത്തബീനലിലെ

സന്യാസികൾക്കായി ആവർത്തിക്കുമായിരുന്നു. തിയൊഡോറസിനെ കഠിനമായ തലവേദന അലട്ടുമായിരുന്നു. രോഗങ്ങളും സ്വമേധയാ അല്ലാത്ത ദുഃഖഹേതുക്കളും ഉന്നതമായ ആത്മീയ അഭിവൃദ്ധിക്കു കാരണമാകുമെന്ന് പക്കോമിയോസ് ഗുണദോഷിക്കുമായിരുന്നു. അപ്രകാരമുള്ള പ്രയാസങ്ങൾ സ്വീകരിക്കുകയും ക്ഷമയോടെ സഹിക്കുകയും ചെയ്യുന്നതു വഴിയായി സ്വമേധയാ ചെയ്യുന്ന നിഷ്ഠകളേക്കാളും (സംയമനത്തേക്കാളും) ദീർഘമായ പ്രാർത്ഥനയേക്കാളും പ്രയോജനം ചെയ്യുമെന്നും ഉപദേശിക്കുമായിരുന്നു (Butler, 1800).

പക്കോമിയോസ് കാലംചെയ്യുന്നതിന് രണ്ടുവർഷം മുൻപ് സഹസന്യാസികൾ ദയറാ തലവനായി ചുമതലയേൽക്കണമെന്ന് തിയൊഡോറോസിനോട് ആവശ്യപ്പെട്ടു. പക്കോമിയോസ്, യുവ സന്യാസിയാണെങ്കിലും തിയൊഡോറസിന് ആ ചുമതല നൽകുകയുണ്ടായി. എന്നാൽ തിയൊഡോറസിന്റെ കീഴിലുള്ള സന്യാസികൾ സന്യാസനിയമങ്ങൾ ലംഘിക്കുകയും കർശനമായ ശാസനകൂടാതെ ജീവിക്കുകയും ചെയ്തിതനാൽ ആ ചുമതലയിൽ നിന്ന് നീക്കുകയുണ്ടായി. തുടർന്ന് പക്കോമിയോസിന്റെ സഹായിയായി രണ്ടു വർഷത്തോളം നിശബ്ദനായി കഴിയുകയും ചെയ്തു. ദുരഭിമാനത്തിലും പൊങ്ങച്ചത്തിലും വീണതിനെപറ്റി തിയൊഡോറസ് സ്വയം കുറ്റപ്പെടുത്തുകയും ചെയ്തു.

ത്തബെനീസിലെ ദയറാകളിലെ സന്യാസികൾ തമ്മിൽ മത്സരിക്കുകയും ദയറാകളുടെ നിലനിൽപ്പ് ചോദ്യം ചെയ്യപ്പെടുകയും ചെയ്തപ്പോൾ തിയൊഡോറസ് അവിടെയെത്തി (ഹൊർ) ഒർസിസിയസിനോടുകൂടെ നേതൃത്വം വഹിച്ച് അവയെല്ലാം പരിഹരിക്കുകയും ചെയ്തു. അധികാരമോഹികളായ സന്യാസികളെ സ്ഥലംമാറ്റിയും ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് വിടർത്തിയും കൂടുതൽ കാർക്കശ്യത്തോടെ മുൻ ദയറാ തലവന്മാരെക്കാൾ ശക്തിയോടെ തിയൊഡോറസ് പതിനെട്ട് വർഷം ഭരണം നിർവ്വഹിച്ചു.

തിയൊഡോറസ് തന്റെ അന്ത്യം അടുത്തെന്ന് പ്രവചിക്കുകയും ഏതാനും മാസത്തിനുശേഷം ഏ.ഡി. 368 ഏപ്രിൽ 27-ാം തീയതി നിത്യവിശ്രമത്തിൽ പ്രവേശിക്കുകയും ചെയ്തു. വിശുദ്ധ തിയൊഡോറസിന്റെ ഓർമ്മ മെയ് 16-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 21. കഷ്കാറിലെ സന്യാസിയായ എബ്രഹാം

**(എ.ഡി.? - 588)**

കഷ്കാറിലെ എബ്രഹാമിന്റെ ശിഷ്യന്മാർ വഴിയായി ആറാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ സന്യാസം ഇറാക്കിൽ വളരെ വേഗം വ്യാപിക്കുകയുണ്ടായി. അവർ നിസിബിസിലെ വിദ്യാകേന്ദ്രവുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. അവർ സൊറാസ്ട്രിയൻ (pre-Islamic religion) മതത്തിൽ നിന്നുള്ളവരും ഇറാക്കിലെ സാംസ്കാരിക പശ്ചാത്തലത്തിൽനിന്നുള്ളവരുമായിരുന്നു. വിവാഹം, ആരാധന, യെഹൂദരുടെയും ജാതികളുടെയും ഉത്സവങ്ങളിൽ സംബന്ധിക്കുന്നതു സംബന്ധിച്ചും ഏലസിന്റെ (രക്ഷാകവചം) ഉപയോഗം, ശവസംസ്കാര രീതികൾ എന്നിവ സംബന്ധിച്ചും ധാരാളം നിയമങ്ങൾ നിലവിൽ വന്നു. ക്രിസ്തീയ മതത്തിൽ ഉൾപ്പെട്ടവർ വിവിധ സംസ്കാരത്തിൽ നിന്നുള്ളവരായതിനാൽ ഒരു പൊതുരീതിയും സംസ്കാരവും കൊണ്ടുവരുന്നതിനായിരുന്നു ഈ നിയന്ത്രണം (Wood, 2013, p. 145). കിഴക്കുള്ള സഭകളിലെ വിവാഹരീതികൾക്ക് മാറ്റങ്ങൾ വരുത്തുകയും അഞ്ചാം നൂറ്റാണ്ടിൽ ഇറാക്കിലുണ്ടായിരുന്ന സന്യാസത്തിലെ കന്യാവ്രതം നിരോധിക്കുകയും ചെയ്തു. എബ്രഹാം ഹിരയിലെ (തെക്കു പടിഞ്ഞാറു ഇറാക്ക്) ധാരാളം വിഗ്രഹാരാധകരെ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തു.

മെസപ്പൊട്ടാമ്യയിലെ നെസ്തോറിയൻ ദയറാകളിൽ (ആശ്രമങ്ങളിൽ) അഞ്ചാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടുകൂടി നിയമങ്ങൾക്ക് കുറെയൊക്കെ അയവു വരികയും സന്യാസികൾ വിവാഹിതരാകുന്നതിനുവരെ അനുവാദം കൊടുക്കുകയും ചെയ്തു (Butler, 1898). കന്യകാവ്രതം സന്യാസത്തിന്റെ ഭാഗമായി പുനഃസ്ഥാപിതമായത് കഷ്കാറിലെ എബ്രഹാമിന്റെ പ്രവർത്തനഫലമായിട്ടാണ്. ഇദ്ദേഹം നിസിബിസിലെ വിദ്യാലയത്തിൽ പഠിക്കുകയും പക്കോമിയോസിന്റെ ഈജിപ്റ്റിലെ ദയറാകൾ സന്ദർശിക്കുകയും ചെയ്തിരുന്നു. ഒടുവിൽ നിസിബിസിനു സമീപമുള്ള ഇസ്ലാ മലയിലെ ഒരു ഗുഹയിൽ എബ്രഹാം സന്യാസിയായി മുപ്പതു വർഷം

ജീവിച്ചു. ഇസ്ല മലയിൽ എബ്രഹാമിന് ധാരാളം അനുയായികളുണ്ടായിരുന്നു. പിന്നീട് അവിടെ ഒറു ദയറ സ്ഥാപിതമായി. ഈജിപ്റ്റുകാരെപ്പോലെ വസ്ത്രം ധിരിച്ചിരുന്ന സന്യാസികൾക്ക് ഒരു വസ്ത്രധാരണരീതി കൊണ്ടുവരികയും വേദവിപരീതികളിൽ നിന്നും തിരിച്ചറിയുന്നതിന് ഇത് കാരണമാകുകയും ചെയ്തു. പക്കോമിയോസിന്റെ സന്യാസ സമൂഹത്തിന് സമാനമായ രീതികളാണ് എബ്രഹാം നടപ്പിൽ വരുത്തിയത്. ഉപവാസം, പ്രാർത്ഥന, മൗനം എന്നിവയും അക്കാദമിക പഠനം ശരീരാദ്ധ്വാനം എന്നിവയുടെ സമഗ്രമായ സമന്വയമായിരുന്നു സന്യാസ ജീവിതത്തിന്റെ കേന്ദ്രബിന്ദു.

സന്യാസിയായ എബ്രഹാം ഏ.ഡി. 588ൽ ഹസ്സയിൽ വച്ച് കാലംചെയ്തു (Allen & Jeffreys, 2017). ഇദ്ദേഹത്തിന്റെ ഭൗതിക ശരീരം രഹസ്യമായി ജന്മസ്ഥലമായ കഷ്കാറിലേക്ക് കൊണ്ടുപോയി. സന്യാസ ജീവിതത്തെക്കുറിച്ച് ഇദ്ദേഹം എഴുതിയിട്ടുണ്ട്. സന്യാസിയായ എബ്രഹാമിന്റെ ഓർമ്മ ഡിസംബർ 5-ാം തീയതിയായിരിക്കാം.

# 22. വിശുദ്ധരായ അന്റോണിനസ്, സെബിനാസ്, ജർമാനസ്, മന്നാത്തൂസ്

**(ഏ.ഡി? - 308?)**

പട്ടണങ്ങളിലെ ഭരണാധികാരികളും പട്ടാളത്തിലെ ഉദ്യോഗസ്ഥരും ജനമെല്ലാം അവരുടെ ഭാര്യമാരോടും മക്കളോടും അടിമകളോടുംകൂടെ വന്ന് അശുദ്ധാത്മാക്കൾക്ക് അർച്ചന നടത്തുന്നതിനും വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുന്നതിനും നിർബന്ധിച്ചു. കടകമ്പോളങ്ങളിൽ വിൽക്കുന്ന സാധനങ്ങളെല്ലാം അർച്ചന ചെയ്ത സാധനങ്ങളോടുകൂടെ കലർത്തപ്പെടണമെന്നും ബലികഴിച്ച രക്തം തളിച്ചവയായിരിക്കണമെന്നും ഉത്തരവുണ്ടായി. വിജാതിയർപോലും ഈ നടപടികളെ വെറുത്തിരുന്നു (Eusebius & Caesarea, 1861).

മേൽപറഞ്ഞ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ധാരാളം വിശ്വാസികൽ പീഡിപ്പിക്കപ്പെട്ടുകൊണ്ടിരുന്നു. അവരിൽ പേരെടുത്തു പറയപ്പെട്ടവരാണ് അന്റോണിനസ്, സെബിനാസ്, ജർമാനസ് എന്നിവർ. ഇവരെ ഏ.ഡി. 308(?) തെശ്രീൻ (നവംബർ) മാസം പതിമൂന്നാം തീയതിയാണ് ന്യായാധിപന്റെ മുൻപാകെ കൊണ്ടുവന്നത്. ദൈവീക ശക്തിയാൽ സത്യവിശ്വാസികൾ ഈ ഭീഷണികളെയെല്ലാം അതിജീവിച്ചു.

മാക്സിസ് എന്ന ഒരു ഉദ്യോഗസ്ഥന്റെ മുൻപാകെ ഒരു കന്യക (മന്നാത്തൂസ്) കൊണ്ടുവരപ്പെട്ടു. അവൾ ബൈശാൻ പട്ടണത്തിൽനിന്നുള്ളവളായിരുന്നു. മാക്സിസ് അവളെ നഗ്നയാക്കി ഉപദ്രവിക്കുകയും പിന്നീട് ഗവർണറുടെ ന്യായാസനത്തിൻമുൻപാകെ കൊണ്ടുവരികയും ചെയ്തു. അവൾ ഒരു ക്രിസ്ത്യാനിയാണെന്ന് ഏറ്റുപറഞ്ഞു. ഗവർണർ അവളെ അഗ്നിയിലിടുന്നതിന് ഉത്തരവിട്ടു. ക്രിസ്ത്യാനികളുടെ മൃതദേഹങ്ങൾ മറവുചെയ്യുന്നത് ഗവർണർ നിരോധിച്ചു. അവരുടെ മൃതശരീരങ്ങൾ മൃഗങ്ങൾക്കും പക്ഷികൾക്കും ആഹാരമായി തീരുന്നതിനായി ഉപേക്ഷിക്കപ്പെട്ടു.

# 23. കന്യകയും രക്തസാക്ഷിയുമായ സൂസന്ന

**(ഏ.ഡി. ? - 295?)**

പോപ്പ് കായൂസിന്റെ അനന്തരവളാണെന്ന് (niece) കരുതപ്പെടുന്ന സൂസന്ന റോമിൽ ഒരു കുലീന കുടംബത്തിൽ ഭൂജാതയായി (Butler, 1866). കന്യകാത്വം സ്വീകരിക്കുകയും വിവാഹം ഉപേക്ഷിക്കുകയും ചെയ്തതിനാൽ ഒരു ക്രിസ്ത്യാനിയെന്ന കാരണത്താൽ കുറ്റം ചുമത്തപ്പെടുകയും വീരോചിതമായ നിലയിൽ രക്തസാക്ഷിയാകുകയും ചെയ്തു.

സൂസന്നയുടെ പിതാവായ ഗബിനിയസ് സൂസന്നയെ വളരെ സൂക്ഷ്മതയോടെയും ദൈവഭയത്തിലും യേശുക്രിസ്തുവിനോടുള്ള സ്നേഹത്തിലും വളർത്തി. സൂസന്ന കന്യകാത്വ വാഗ്ദാനമെടുത്തിരുന്നു. ഡയോക്ലീഷ്യന്റെ ഇഷ്ടനായ മസ്മിനിയനെ സുന്ദരിയായ സൂസന്നയുമായി വിവാഹം വാഗ്ദാനം ചെയ്യിക്കുന്നതിന് ഡയോക്ലീഷ്യൻ, ക്ലൗഡിയസിനെ അയക്കുകയുണ്ടായി. സൂസന്ന ഈ വിവാഹ അഭ്യർത്ഥന നിരസിക്കുകയും പിതാവായ ഗബിനിയോസിനെയും ചിറ്റപ്പനായ പോപ്പ് കയുസിനെയും തന്റെ കന്യകാത്വ വാഗ്ദാനത്തെ സംബന്ധിച്ച് അറിയിക്കുകയും ചെയ്തു. മാത്രവുമല്ല, കന്യകാത്വവാഗ്ദാനം ചെയ്തിരുന്നില്ലെങ്കിലും അനേകം ക്രിസ്ത്യാനികളെ കൂട്ടക്കൊല ചെയ്തതിനുത്തരവാദിയായ ഒരു മനുഷ്യനെ ഞാൻ വിവാഹം ചെയ്യുന്നതിന് ഇഷ്ടപ്പെടുമായിരുന്നില്ലെന്ന് സൂസന്ന പറഞ്ഞു. സന്ദേശവാഹകനായ ക്ലൗഡിയസ് സൂസന്നയുടെ വിശ്വാസസാക്ഷ്യത്തെ കണ്ട് മാനസാന്തരപ്പെടുകയും ഒരു തീഷ്ണതയുള്ള അനുതാപിയാകുകയും ചെയ്തു.

ഡയോക്ലീഷ്യൻ ദൗത്യനിർവ്വഹണത്തിനായി അയച്ചിരുന്ന സന്ദേശവാഹകനായ ക്ലൗഡിയസ് മറുപടി അറിയിക്കാത്തതിനാലും ക്രിസ്തുമതം സ്വീകരിച്ചുവെന്നറിഞ്ഞതിനാലും ഡയോക്ലീഷ്യൻ വളരയേറെ ക്ഷുഭിതനായി. തുടർന്ന് ക്ലൗഡിയസും സൂസന്നയും അവളുടെ പിതാവായ ഗബിനിയനും മറ്റു ധാരാളം ക്രിസ്ത്യാനികളും അറസ്റ്റ് ചെയ്യപ്പെട്ടു. സൂസന്നയെ ദണ്ഡനങ്ങൾ ഏൽപിക്കുകയും രഹസ്യമായി ശിരഛേദനം ചെയ്യുകയും ചെയ്തു. ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ രാജ്ഞി പ്രിസ്ക രഹസ്യമായി ക്രിസ്തുമതം സ്വീകരിച്ചിരുന്നു. പ്രിസ്ക, സൂസന്നയുടെ മൃതശരീരം രഹസ്യമായി കബറടക്കുകയും വിശുദ്ധ സൂസന്നയുടെ മദ്ധ്യസ്ഥം യാചിക്കുകയും ചെയ്തു.

ഉദ്ദേശം എ.ഡി. 295ൽ ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ വാഴ്ചയുടെ ആദ്യ വർഷത്തിലാണ് സൂസന്ന പീഡയനുഭവിച്ചത്. കഷ്ടപ്പാടുകൾ രക്തസാക്ഷികൾക്ക് പ്രത്യേക കരുണയുടെയും, അസാധാരണമായ കൃപയുടെയും മഹത്വത്തിന്റെയും വലിയ കിരീടങ്ങൾക്കുള്ള ഉറവിടങ്ങളാണ്. ദൈവത്താൽ അയയ്ക്കപ്പെടുന്ന വിപത്തുകൾ വലിയ കരുണകളും അനുഗ്രഹങ്ങളുമാണ്. എന്തെന്നാൽ അവയെല്ലാം ആത്മനിഷേധം,

ക്ഷമ, താഴ്മ, പരിത്യാഗം, പ്രായശ്ചിത്തം എന്നീ മൂല്യങ്ങളിൽ വളരുന്നതിനും അതുവഴിയായി ദൈവത്തോടുള്ള സ്നേഹത്തിൽ വളരുന്നതിനും ഗുണീകരണത്തിനും ഉതകുന്ന അമൂല്യ നൈപുണ്യങ്ങളാണ്. ഈ വിപത്തുകൾ നമ്മുടെ സ്രഷ്ടാവിനെ സംബന്ധിച്ചും നമ്മെ സംബന്ധിച്ചുമുള്ള അറിവ് നമുക്ക് നൽകുന്നതിന് വളരെ ആവശ്യമാണ്. അവയില്ലെങ്കിൽ ആ അറിവ് നാം മറന്നു പോകാനിടയുണ്ട്. നമുക്ക് നേരിടുന്ന കഷ്ടപ്പാടുകളും കുരിശുകളും പരിത്യാഗത്തോടെയും ക്ഷമയോടെയും ദൈവഇഷ്ടമനുസരിച്ച് നാം ചുമക്കണം. രക്തസാക്ഷികളുടെ ജീവിതം നമ്മെ ആശ്വസിപ്പിക്കുന്നതിനുതകുന്നതാണ്. വലിയ അനുഗ്രഹങ്ങളായി കരുതി രക്തസാക്ഷികളോടുകൂടെ നാം ആനന്ദിക്കണം. നാം നേരിടുന്ന രോഗങ്ങൾ, നഷ്ടങ്ങൾ, മറ്റു വിപത്തുകൾ എന്നിവ നമ്മുടെ ഗുണീകരണത്തിനുള്ള വിലയേറിയ കരുണകളാണെന്ന് മനസ്സിലാക്കാതെ ഭാരമേറിയ ശാപമാണെന്ന് കരുതുന്നത് അടിസ്ഥാനമില്ലാത്തതും കുറ്റകരവുമായ ഭോഷത്തമാണ് (https://sanctoral.com/en/saints/saint_susanna.html).

## 24. രക്തസാക്ഷിയും ശെമ്മാശനുമായ വിശുദ്ധ ബെഞ്ചമിൻ

**(ഏ.ഡി.? - 424)**

സാപ്പോർ മൂന്നാമന്റെ മകനായ ഇസ്ഡജർഡിന്റെ കാലഘട്ടത്തിൽ പന്ത്രണ്ടു വർഷത്തോളം പേർഷ്യയിലെ ക്രിസ്ത്യാനികൾ സമാധാനത്തിൽ കഴിഞ്ഞുകൂടി. എന്നാൽ ഏ.ഡി. 420ൽ പേർഷ്യക്കാരുടെ ഒരു ആരാധനാലയം അവിവേകമായ ആവശം മൂലം അബ്ഡാസ് എന്ന ഒരു മെത്രാൻ കത്തിച്ചതിനാൽ അശാന്തിയുടെ കാലങ്ങൾ ആരംഭിച്ചു. അത് പുനർനിർമ്മിച്ചില്ലെങ്കിൽ ക്രിസ്ത്യാനികളുടെ എല്ലാ പള്ളികളും നശിപ്പിക്കുമെന്ന് രാജാവ് ഭീഷണി മുഴക്കി. മെത്രാൻ വഴങ്ങാഞ്ഞതിനാൽ പള്ളികളെല്ലാം ഇടിച്ചു നിരത്തുകയും അബ്ഡാസ് മെത്രാനെ വധിക്കുകയും ചെയ്തു. തുടർന്ന് നാൽപതു വർഷ

ങ്ങൾ ക്രിസ്ത്യാനികൾ പൊതുവെ പീഡനമനുഭവിച്ചു.

മേൽപ്പറഞ്ഞ കാലഘട്ടത്തിൽ വിശ്വാസത്തെ പ്രതി തടവിലാക്കപ്പെട്ട ശെമ്മാശനാണ് ബെഞ്ചമിൻ. കുസ്തന്തിനോസ് പോലീസിലെ ചക്രവർത്തി ഇടപ്പെട്ട് മതപരമായ കാര്യങ്ങൾ സംസാരിക്കയില്ല എന്ന നിബന്ധനയോടെ ബെഞ്ചമിൽ ശെമ്മാശനെ മോചിപ്പിച്ചു (https://www.catholic.org/saints/saint.php?saint_id=338; http://www.catholic-saints.info/roman-catholic-saints-a-g/saint-benjamin.htm). എന്നാൽ തനിക്ക് നിശബ്ദനായിരിക്കാൻ കഴിയുകയില്ലെന്നും ക്രിസ്തുവിനെ പ്രസംഗിക്കുക എന്നത് തന്റെ ദൗത്യമാണെന്നും ബെഞ്ചമിൻ പ്രഖ്യാപിച്ചു. മാത്രവുമല്ല, ലഭ്യമായ ഒരവസരവും നഷ്ടപ്പെടുത്താതെ ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് ബെഞ്ചമിനെ പിടിച്ച് രാജസന്നിധിയിൽ കൊണ്ടുവന്നു. നാടുവാഴി ബെഞ്ചമിന്റെ നഖങ്ങൾക്കിടയിലും മറ്റു മാംസളഭാഗങ്ങളിലും ഈറ്റ (കാട്ടുചൂരൽ) തള്ളിക്കയറ്റുകയും ഊരിയെടുക്കുകയും ചെയ്തു പീഡിപ്പിക്കുന്നതിന് ഉത്തരവിട്ടു. ഒടുവിൽ കെട്ടിയകുറ്റികൾ ശരീരഅന്തർഭാഗത്തേക്ക് കടത്തി ഞെരുക്കത്തിലാക്കി. കഠിനമായ വേദനയിൽ ബെഞ്ചമിൻ ശെമ്മാശൻ സ്വർഗ്ഗീയ നാഥന്റെ അടുക്കലേക്ക് ഏ.ഡി. 424ൽ യാത്രയായി. രക്തസാക്ഷിയായ ബെഞ്ചമിൻ ശെമ്മാശന്റെ ഓർമ്മ ഏപ്രിൽ 29-ാം തീയതിയായിരിക്കാം (?).

# 25. വിശുദ്ധരായ പത്രോബായും ഫിലൊലോഗോസും ഗായോസും

**(ഒന്നാം നൂറ്റാണ്ട്)**

ലൂക്കോസിന്റെ സുവിശേഷത്തിൽ പരാമർശിക്കുന്ന എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഉൾപ്പെട്ടവരാണ് പത്രോബായും ഫിലൊലോഗോസും ഗായോസും. ‘‘ഇവയ്ക്കുശേഷം തന്റെ ശിഷ്യന്മാരിൽനിന്ന് യേശു എഴുപത്തിരണ്ട് പേരെ വേർതിരിച്ച് താൻ പോകാനിരിക്കുന്ന എല്ലാ പ്രദേശത്തേക്കും നഗരിയിലേക്കും തനിക്കു മുമ്പായി ഈരണ്ട് ഈരണ്ടുപേരായി അയച്ചു’’

(ലൂക്കോ. 10:1). റോമർ 16:14ൽ – ‘‘ ... പത്രോബായ്ക്കും .... കൂടെയുള്ള സഹോദരന്മാർക്കും സമാധാനം ചൊല്ലുവിൻ’’ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹം പൊറ്റോളിൽ (ഇറ്റലി) മെത്രാപ്പോലീത്തയാകുകയും അവിടെ ധാരാളം പേർക്ക് മാമോദീസ നൽകുകയും ചെയ്തു.

റോമർ 16:15ൽ ‘‘... ഫിലൊലോഗോസിനും.... അവരോടു കൂടെയുള്ള സർവ്വ വിശുദ്ധർക്കും സമാധാനം ചൊല്ലുവിൻ’’ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഫിലൊലോഗസ്, ശിഷ്യനായ അന്ത്രയോസിനാൽ സീനോപിലെ മെത്രാപ്പോലീത്തയായി നിയമിതനായി (https://www.johnsanidopoulos.com/2016/11/holy-apostles-hermas-patrobas-gaius.html).

റോമർ 16:23ൽ – ‘‘... എനിക്കും സഭ മുഴുവനും ആതിഥ്യം നൽകുന്ന ഗായോസ് നിങ്ങൾക്കു സമാധാനം ചൊല്ലുന്നു’’ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. തിമൊഥിയോസിനു ശേഷം ഗായോസ് എഫേസോസിലെ മെത്രാപ്പോലീത്തയായി. ഈ മൂന്ന് അറിയിപ്പുകാരും ക്രിസ്തുവിനുവേണ്ടി കഷ്ടതകൾ സഹിക്കുകയും സാക്ഷികളാകുകയും ധാരാളം പേരെ രക്ഷയിലേക്ക് ആനയിക്കുകയും ചെയ്തു. ഇവരുടെ ഓർമ്മ സുറിയാനി സഭ നവംബർ 5–ാം തീയതി ആചരിക്കുന്നു.

## 26. അറിയിപ്പുകാരനായ ഹെർമ്മാസ്

**(എ.ഡി.? – 162?)**

അറിയിപ്പുകാരനായ ഹെർമാസ് ഫിലിപ്പിയയിലെ മെത്രാപ്പോലീത്തയായിരുന്നു. ഗ്രീക്കുകാരനായ ഹെർമാസ് കുറച്ചുകാലം റോമിൽ ചെലവഴിച്ചു. റോമർ 16:14ൽ – ‘‘... ഹെർമാനും അവരോടുകൂടെയുള്ള സഹോദരന്മാർക്കും സമാധാനം ചൊല്ലുവിൻ’’ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഹെർമാസ് സുവിശേഷം പ്രസംഗിച്ചതിനാൽ വിഗ്രഹാരാധനക്കാരിൽനിന്ന്ഏറിയ പീഡനങ്ങൾ സഹിച്ചു. സ്വഭാവിക മരണം വരിച്ചുവെന്നും (http://www.spc.rs/eng/apostle_hermas_seventy) അതല്ല രക്തസാക്ഷിയായിയെന്നും (https://www.catholic.org/saints/saint.php?saint_id=3736) രണ്ടഭിപ്രായമുണ്ട്. അറിയിപ്പുകാരനായ

ഹെർമാസിന്റെ ഓർമ്മ സുറിയാനി സഭ മാർച്ച് 8-ാം തീയതി ആചരിക്കുന്നു.

# 27. രക്തസാക്ഷിയായ അന്ത്യോഖ്യായിലെ ഹെസിക്കിയിസ്

**(ഏ.ഡി. ? - 305?)**

അന്ത്യോഖ്യായിൽ ജീവിച്ചിരുന്ന ഹെസിക്കിയസ് (ഹെസക്കിയ) മക്സിമിയൻ ഗലേറിയസിന്റെ കാലഘട്ടത്തിൽ (ഏ.ഡി. 305-311) രക്തസാക്ഷിയായി. ഹെസിക്കിയസ് പട്ടാളത്തിൽ ഉന്നത പദവി വഹിച്ചിരുന്നു. മക്സിമിയന്റെ വിളംബരം അനുസരിച്ച് ക്രിസ്ത്യാനികൾക്ക് പട്ടാളത്തിലുണ്ടായിരുന്ന ജോലിയിൽ തുടരാനാകില്ലെന്നും അവരുടെ ഔദ്യോഗിക വസ്ത്രം ഉപേക്ഷിച്ച് സാധാരണക്കാരെപോലെ ജീവിക്കണമെന്നും നിർദ്ദേശമുണ്ടായി. അതനുസരിച്ച് ക്രിസ്ത്യാനികളായ പട്ടാളക്കാരെ സ്ത്രീകളായ വേലക്കാരെപോലെ താഴ്ന്ന പദവിയിലേക്ക് താഴ്ത്തുകയും ചെയ്തു. ഹെസിക്കിയസ് ഇതുപോലെ പദവി മുദ്രകൾ ഊരിമാറ്റി താഴ്ന്ന പദവിയിലേക്ക് പട്ടാളത്തിൽ നിന്നും തരംതാഴ്ത്തിയ വ്യക്തിയായിരുന്നു.

മക്സിമിയൻ, ഹെസിക്കിയസിനോട് ഔദ്യോഗിക വസ്ത്രങ്ങൾ ഊരിമാറ്റുന്നതിനും വേലക്കാരികളോടുകൂടെ ചേരുന്നതിനും കൽപ്പിച്ചു. കുറെ നാളുകൾക്കുശേഷം മക്സിമിയൻ, ഹെസിക്കിയസിനെ വിളിപ്പിച്ച് ചോദിച്ചു: ''ഈ മാനഹാനിയിൽ തുടരുന്നതിന് നിനക്ക് ലജ്ജയില്ലേ? ക്രിസ്ത്യാനികളുടെ ജീവിത രീതി നീ ഇഷ്ടപ്പെടുന്നതുകൊണ്ട് നിന്റെ പഴയ ഔന്നത്യമുള്ള പദവിയിലേക്ക് തിരിച്ചുവരാനാകില്ലെന്ന് നിനക്കറിയാമോ?'' ഹെസിക്കിയസ് മറുപടിയായി പറഞ്ഞു: ''നിന്റെ ബഹുമാനം താൽക്കാലികമാണ്; എന്നാൽ ക്രിസ്തു നൽകുന്ന ബഹുമാനവും മഹത്വവും നിത്യമായതും അവസാനമില്ലാത്തതുമാണ്.'' ഈ വാക്കുകളിൽ കുപിതനായ രാജാവ് ഹെസിക്കിയസിന്റെ കഴുത്തിൽ വലിയ തിരികല്ല് കെട്ടി ഒറന്റോസ് നദിയിൽ (അന്ത്യോഖ്യായ്ക്കു സമീപം, സിറിയയിലെ കോയ്ലി) എറിയുന്നതിനു ഉത്തരവായി. ഹെസിക്കിയസ് നാഥനിൽനിന്ന് രക്തസാക്ഷി കിരീടം സ്വീകരിച്ചു. വിശുദ്ധ ഹെസിക്കിയസിന്റെ ഓർമ്മ മെയ് 29ന് സുറിയാനി സഭ ആചരിക്കുന്നു.

# 28. പേർഷ്യൻ രക്തസാക്ഷിയായ ബർസാബാസ്

**(ഏ.ഡി. ? - 342?)**

സസ്സാനിഡ് രാജാവായ സാപ്പോർ രണ്ടാമന്റെ പീഡനത്തിൽ രക്തസാക്ഷിയായ ഒരു ദയറാക്കാനാണ് ബർസാബാസ്. ഇദ്ദേഹത്തോടൊപ്പം പതിനൊന്ന് സന്യാസികളും രക്തസാക്ഷികളായി. ആധുനിക ഇറാനിലെ പെർസിപോലീസിൽ വച്ചാണ് ഇവർ ശിരഛേദനം ചെയ്യപ്പെട്ടത്. ഈ രക്തസാക്ഷികൾ മാനസാന്തരപ്പെടുത്തിയ മറ്റൊരു പേർഷ്യൻ വിജാതീയനും ഇവരോടൊപ്പം ഏ.ഡി. 342ൽ മരണം വരിച്ചു. (https://www.catholic.org/saints/saint.php?saint_id=1681). വിശുദ്ധ ബർസാബാസിന്റെ ഓർമ്മ ആഗസ്റ്റ് 28-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 29. ആക്സിയൊപോലീസിലെ വിശുദ്ധ സിറിൽ

**(ഏ.ഡി. ? - 303)**

ആക്സിയോപോലീസിൽ (ഹെഷാക്ലിയ) ആദ്യ നൂറ്റാണ്ടുകളിൽ തന്നെ ക്രിസ്തീയ വിശ്വാസികൾ ജീവിച്ചിരുന്നു. ഇതിനു കാരണം ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ കാലഘട്ടത്തിൽ (ഏ.ഡി. 303 മുതൽ) തന്നെ ഹെറാക്ലിയയിലെ രക്തസാക്ഷികളെ സംബന്ധിച്ചുള്ള പരാമർശം സുറിയാനി, ഗ്രീക്കു രക്തസാക്ഷികളുടെ പട്ടികകളിലെല്ലാം കാണുന്നതാണ്.

ആക്സിയോപോലീസിൽ വളരെ അറിയപ്പെട്ടിരുന്ന ഒരു വിശുദ്ധനാണ് സിറിൽ അഥവാ കൂറിലോസ്. വിശുദ്ധ കൂറിലോസിന്റെ നാമത്തിൽ അറിയപ്പെടുന്ന ആക്സിയോപോലീസിലെ ജസ്റ്റിനിയന്റെ പ്രസിദ്ധമായ കോട്ടയെ സംബന്ധിച്ച് ചരിത്രകാരനായ കൈസര്യയിലെ പ്രൊക്കോപ്പിയസ് (ആറാം നൂറ്റാണ്ട്) രേഖപ്പെടുത്തിയിട്ടുണ്ട്. അവിടത്തെ ഒരു വലിയ ശവ

ക്കോട്ടയുടെ ശേഷിപ്പായിരുന്നിരിക്കാം വിശുദ്ധ കൂറിലോസി ന്റെ കബറിടത്തിന്റെ സ്ഥാനമെന്ന് കരുതപ്പെടുന്നു. ഇദ്ദേഹം ക്രീറ്റിലെ ഗൊർറ്റിനയിലെ മെത്രാപ്പോലീത്തയായിരുന്നിരിക്കാം (http://theodialogia.blogspot.com/2013/04/sts-martyrs-from-axiopolis-in-scythia.html). വിശുദ്ധ സിറിളിന്റെ (കൂറിലോസ്) ഓർമ്മ സുറിയാനി സഭ മെയ് 12-ാം തീയതി ആചരിക്കുന്നു.

## 30. മോറാൻ അത്താനാസിയോസ് ഗമാലൊ

**(ഏ.ഡി.? - 631)**

മോറാൻ അത്താനാസിയോസ് ഗമാലൊ നാൽപത്തിരണ്ടാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസാണ്. ഇദ്ദേഹം ഏ.ഡി. 595 മുതൽ 631 വരെ സുറിയാനി സഭയെ മേയിച്ചു ഭരിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോറാൻ സേവേറിയോസിന്റെ (ഏ.ഡി. 459? - 538) ജീവചരിത്ര രചയിതാവാണ് മോറാൻ അത്താനാസിയോസ് (Aphrem I, 2003).

മോറാൻ അത്താനാസിയോസ് ആറാം നൂറ്റാണ്ടിൽ സമൊസാറ്റയിൽ ജനിച്ചു. പിതാവിന്റെ മരണശേഷം മാതാവായ മാനിയയാണ് അത്താനാസിയോസിനെ വളർത്തിയത്. അത്താനാസിയോസും സഹോദരനായ സേവേറിയോസും കെന്നശ്രീൻ ദയറായിൽ ചേരുകയും സന്യാസികളാകുകയും ചെയ്തു. അത്താനാസിയോസ് ഗാബൂലയിലെ (ആലപ്പൊ) ഉപ്പുഘനികളിൽ നിന്ന് ഒട്ടകത്തിനുപുറത്ത് കെന്നശ്രീൻ ദയറായിലേക്ക് ഉപ്പുകൊണ്ടുവരുന്ന ജോലിയിൽ വ്യാപൃതനായിരുന്നു. ഒട്ടകത്തെ നയിച്ചുകൊണ്ടുവരുന്ന ചുമതലക്കാരൻ എന്ന നിലയിലാണ് ഗമാലോ (Camel driver) എന്ന പേരുണ്ടായത്.

പാത്രിയർക്കീസായിരുന്ന മോറാൻ ജൂലിയാൻ ഒന്നാമൻ (ഏ.ഡി. 591-595) കാലം ചെയ്തതിനെ തുടർന്ന് പുതിയ പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുന്നതിന് മെത്രാപ്പോലീത്തന്മാർ കെന്നശ്രീൻ ദയറായിൽ ഒന്നിച്ചുകൂടി. പുതിയ പാത്രിയർക്കീസിനെ സംബന്ധിച്ചും മെത്രാപ്പോലീത്തന്മാർക്ക് ഒരു ദർശനമുണ്ടായി. അടുത്ത പ്രഭാതത്തിൽ ദയറായുടെ വാതിലിൽ മുട്ടുന്ന ആദ്യത്തെ സന്യാസിയായിരിക്കണം അടുത്ത

പാത്രിയർക്കീസെന്നായിരുന്നു ആ ദർശനം. മഹാനായ മോറാൻ മീഖായേൽ പാത്രിയർക്കീസ് (d. 1199) ഈ തിരഞ്ഞെടുപ്പ് മോറാൻ ജൂലിയാൻ ഒന്നാമൻ കാലം ചെയ്ത ഉടനെ ഏ.ഡി. 595ൽ നടന്നുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മോറാൻ അത്താനാസിയോസ് അന്ത്യോഖ്യായിൽ പ്രവേശിക്കുന്നതിന് തടസ്സമുണ്ടായിരുന്നതിനാൽ റാഖയ്ക്കു സമീപമുള്ള മോർ സഖായിയുടെ ദയറായിലാണ് താമസിച്ചത്. പിന്നീട് മോറാൻ അത്താനാസിയോസ് സ്വസഹോദരനായ സേവേറിയോസിനെ സമൊസോറ്റയിലെ മെത്രാപ്പോലീത്തയായി നിയമിച്ചു. ഏ.ഡി. 603ൽ കൊസ്റു രണ്ടാമൻ മെസപ്പൊട്ടോമിയയും സിറിയയും കടന്നാക്രമിക്കുകയും റോമാക്കാരും സസ്സാനിയയരും തമ്മിൽ ഏറെ ദീർഘമായ യുദ്ധം ഉണ്ടാകുകയും ചെയ്തു. ഏ.ഡി. 610ൽ അന്ത്യോഖ്യാ കീഴടക്കപ്പെട്ടു. കോപ്റ്റിക് സഭയുമായി 580 മുതൽ നിലനിന്നിരുന്ന പിളർപ്പ് ഒഴിവാക്കി സഭകൾ തമ്മിൽ അടുത്ത ബന്ധം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി അലക്സന്ത്രിയയിലെ അനസ്താസിയസ് പാത്രിയർക്കീസിൽ നിന്ന് മോറാൻ അത്താനാസിയോസിന് ഏ.ഡി. 607ൽ ഒരു ക്ഷണം ലഭിച്ചു. അതിനെ തുടർന്ന് സഹോദരനായ മോർ സേവേറിയോസ് ഉൾപ്പടെ അഞ്ച് മെത്രാപ്പോലീത്തന്മാരുടെ സംഘത്തോടൊപ്പം യോജിപ്പിനുള്ള ചർച്ചകൾക്കായി മോറാൻ അത്താനാസിയോസ് അലക്സന്ത്രിയായിലേക്ക് പോയി (https://www.revolvy.com/main/index.php?s=Athanasius+I+Gammolo).

ഏ.ഡി. 628ൽ ഹെറാക്ലിയസ് ചക്രവർത്തി കൊസ്റൂവിന്റെ മേൽ വിജയം നേടി. തുടർന്ന് മോറാൻ അത്താനാസിയോസ് തന്റെ സെക്രട്ടറിയും പിൻഗാമിയുമായ സെദറാകളുടെ യൂഹാനോനെ (ഏ.ഡി. 631–648) സസ്സാനിയൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സ്റ്റെസിഫോണിലേക്ക് അയച്ച് കവാദ് രണ്ടാമൻ ചക്രവർത്തിയെ സന്ദർശിക്കുയുണ്ടായി. തുടർന്ന് തെഗ്രീസിലെ മഫ്രിയാനയായി മാറൂഥയെ ഏ.ഡി. 628ൽ നിയമിക്കുകയും ചെയ്തു. മോർ മാറുഥ സസ്സാനിയൻ സാമ്രാജ്യത്തിൽ സുറിയാനി സഭയെ പുനഃക്രമീകരിച്ച് വളർത്തി. കൂടാതെ മൂസലിലെ മോർ മത്തായി ദയറായ്ക്ക് പ്രത്യേക അധികാരാവകാശങ്ങളും മോറാൻ അത്താനാസിയോസ് കൽപിച്ച് നൽകുകയുണ്ടായി.

ഏ.ഡി. 629ൽ മോറാൻ അത്താനാസിയോസും പന്ത്രണ്ട് മെത്രാപ്പോലീത്തന്മാരും കൂടി മാബൂഗിൽ വച്ച് ഹെരാക്ലിയസിനെ സന്ദർശിച്ച് സഭാ സമാധാന ചർച്ചകൾ നടത്തുകയുണ്ടായി. ഹെരാക്ലിയസിന്റെ ഇരുസ്വഭാവവാദത്തെ മോറാൻ അത്താനാസിയോസ് നിരസിച്ചതിനാൽ സുറിയാനി സഭയുടെ ദയറാകളും പള്ളികളും കണ്ടുകെട്ടുന്നതിന് ചക്രവർത്തി ഉത്തരവിടുകയും ചെയ്തു. ഏറെ പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിൽ സുറിയാനി സഭയെ നയിച്ച മോറാൻ അത്താനാസിയോസ് ഗമാലൊ ഏ.ഡി. 631ൽ കാലം ചെയ്തു.

# References


Aphrem I (2003). *The scattered pearls: A history of Syriac literature and sciences*. (2nd rev. ed.). (Matti Moosa, Trans.). New Jersey: Gorgias Press

Allen, P., & Jeffreys, E. (Eds.). (2017). *The sixth century: End or beginning?* Boston: Brill.

Aphrem I (2003). *The scattered pearls: A history of Syriac literature and sciences.* (2nd rev. ed.). (Matti Moosa, Trans.). New Jersey: Gorgias Press

Barnes, A. (1911). *Pontius Pilate. The Catholic Encyclopedia* (Vol. XII). New York: Robert Appleton Company.

Bromiley, G. W. (Ed.). (1996). *International standard Bible encyclopaedia* (Vol. II). Michigan: William B. Eerdmans Publishing Company.

Butler, A. (1800). *Lives of the primitive fathers, martyrs and other principal saints* (3rd ed.). Vol. XII. Edinburgh: J. Moir, Peterson's Court.

Butler, A. (1866). *The lives of the saints.* (Vol. VIII). Dublin: James Duffy.

Butler, D. C. (1898). *The Lausiac history of Palladius* (Vol. I). Cambridge, UK: University Printing House.

Cross, F. L. (Ed.). (1951). *St Cyril of Jerusalem's Lectures on the Christian Sacraments the Procatechesis and the Five Mystagogical Catecheses.* London: S. P. C. K

Drake, H. A. (2006). *Violence in late antiquity. Perceptions and practices.* London: Routledge

Eusebius of Caesarea (1861). *History of martyrs in Palestine.* (Discovered in a very ancient Syriac manuscript which was Translated and Edited by William Cureton). London: Williams and Norgate.

http://biblehub.com/library/hippolytus/the_extant_works_and_fragments_of_hippolytus/the_same_hippolytus_on_the.htm

http://catholicsaints.info/saint-hesychius-of-antioch/.

http://magnificat.ca/cal/en/saints/christina.html

http://orthochristian.com/102542.html

http://orthochristian.com/102542.html

http://syriaca.org/person/1409

http://theodialogia.blogspot.com/2013/04/sts-martyrs-from-axiopolis-in-scythia.html

http://theodialogia.blogspot.com/2013/04/sts-martyrs-from-axiopolis-in-scythia.html

http://www.catholic-saints.info/roman-catholic-saints-a-g/saint-benjamin.htm

http://www.learningscriptures.info/bible-people/onesimus.htm.

http://www.orthodox.net/saints/70apostles.html;

http://www.spc.rs/eng/apostle_hermas_seventy

http://www.stpetersandstpaulschurch.com/hist.aspx

http://www.st-sophia.com/st-sophia/

https://oca.org/saints/lives/1999/09/17/102638-martyr-sophia-and-her-three-daughters-at-rome

https://oca.org/saints/lives/2013/08/24/102383-hieromar-tyr-eutyches-the-disciple-of-st-john-the-theologian

https://oca.org/saints/lives/2015/01/04/100082-apostle-trophimus-of-the-seventy

https://oca.org/saints/lives/2018/02/19/100562-martyr-hesychius-of-adrianopolis

https://oca.org/saints/lives/2019/07/14/101950-apostle-aquila-of-the-seventy

https://orthodoxwiki.org/Apostle_Philemon

https://russianicons.wordpress.com/tag/st-nikita/

https://sanctoral.com/en/saints/saint_susanna.html

https://spiritualray.com/life-of-saint-christina.

https://www.antiochpatriarchate.org/en/page/1012/

https://www.antiochpatriarchate.org/en/page/1012/.

https://www.biography.com/people/pontius-pilate-9440686

https://www.britannica.com/biography/John-of-Jerusalem

https://www.britannica.com/biography/Saint-Gregory-of-Nazianzus

https://www.britannica.com/topic/The-Letter-of-Paul-to-Philemon

https://www.catholic.org/saints/saint.php?saint_id=14

https://www.catholic.org/saints/saint.php?saint_id=1681

https://www.catholic.org/saints/saint.php?saint_id=338

https://www.catholic.org/saints/saint.php?saint_id=3736

https://www.catholic.org/saints/saint.php?saint_id=4908

https://www.johnsanidopoulos.com/2016/11/holy-apostles-hermas-patrobas-gaius.html

https://www.revolvy.com/main/index.php?s=Athanasius+I+Gammolo).

http://newadvent.org/fathers/0524.htm

http://www.orthodox.net/saints/70apostles.html

https://orthodoxwiki.org/Seventy_Apostles.

Matti Moosa (2014). *A tribute to Mor Gregorius Bulus Behanam* (http://www.syriacstudies.com/2014/03/28/a-tribute-to-bishop-mor-gregorius-bulus-behnam-1914-1969-dr-matti-moosa/)

Palmer, G.E.H.; Sherrard, P., & Ware, K. (Trans. & Eds.). (1979). *The Philokalia: The Complete Text* (Vol. 1). London: Faber and Faber

Phinahas Ramban (2008) *Mor Kauma Smaranika.* Thripunithura: St. Mary's Jacobite Syrian Church Nadamel

Walker, J. (2006). *The legend of Mar Qardagh: Narrative and Christian heroism in the late antique Iraq*. California: University of California Press.

Wood, P. (2013). *The chronicle of Seert: Christain historical imagination in late antique Iraq*. Oxford: Oxford Univeristy Press.

Wright, W. (2016). *A short history of Sryiac literature*. Oregon: Wipf & Stock Publishers.

# എഴുപത്തിരണ്ട് അറിയിപ്പുകാർ

ലൂക്കോസിന്റെ സുവിശേഷത്തിൽ ഇപ്രകാരം വായിക്കുന്നു: ''ഇവയ്ക്കുശേഷം തന്റെ ശിഷ്യന്മാരിൽനിന്ന് യേശു 70 പേരെ വേർതിരിച്ച്, താൻ പോകാനിരിക്കുന്ന എല്ലാ പ്രദേശത്തേക്കും തനിക്കുമുമ്പായി ഈരണ്ട് ഈരണ്ട് പേരായി അയച്ചു (ലൂക്കോസ് 10:1). 72 അറിയിപ്പുകാരുടെ പേരുവിവരങ്ങൾ അടങ്ങിയ പട്ടിക ലഭ്യമാണെങ്കിലും പരസ്പരം പൊരുത്തമില്ലാത്തതാണ്. സുറിയാനി പാരമ്പര്യം അനുസരിച്ച് ദമസ്കോസിലെ വി. യൂഹാനോൻ (d. 749?) അറിയിപ്പുകാരുടെ എണ്ണം എഴുപത്തിരണ്ടാണെന്ന് ഉറപ്പിച്ചുപറയുന്നു. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മപ്പെരുന്നാൾ ജൂലൈ 5-ാം തീയതി ആചരിച്ചുവരുന്നതായി ഒരു നൂറ്റാണ്ട് മുമ്പ് പ്രസിദ്ധീകരിച്ച പ്രാർത്ഥനാക്രമത്തിലും കലണ്ടറിലും കാണുന്നു. അതുകൂടാതെ വിശുദ്ധ കുമ്പസാരത്തിനുമുമ്പുള്ള മൗദ്യോനൂസോ പ്രാർത്ഥനയിൽ ''. . . എഴുപത്തിരണ്ടു അറിയിപ്പുകാരോടും . . . ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറയുന്നു'' എന്ന് പിതാക്കന്മാർ പ്രാർത്ഥനയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ 72 അറിയിപ്പുകാർ എന്നുള്ളതാണ് സുറിയാനി പാരമ്പര്യം.

എഴുപത് അറിയിപ്പുകാരുടെ പട്ടിക ഒരിടത്തും നിലവിലില്ലെന്നും എന്നാൽ അവരിൽ ചിലരുടെ പേരുകൾ യൂസേബിയസ് (d. 339?) രേഖപ്പെടുത്തിയിട്ടുണ്ട് (See. Eusebius, 1926, Vol. I, p. 83). എഴുപത് അറിയിപ്പുകാരുടെ ഒരു പട്ടിക റോമിലെ ഹിപ്പോലിറ്റസ് (d. 235?) തയ്യാറാക്കുകയും അദ്ദേഹത്തിന്റെ *Early Church Fathers* എന്ന ബൃഹത്തായ ഗ്രന്ഥത്തിൽ അനുബന്ധമായി ചേർക്കുകയും ചെയ്തിട്ടുണ്ട്. ടയറിലെ ഡൊറൊത്തിയോസ് (d. 362 ?) എഴുപത് ചെറിയ അപ്പോസ്തോലന്മാരുടെ (lesser Apostles or emissaries) ഒരു

പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഈ പട്ടികപ്രകാരമുള്ള പേരുകൾ *Chronicon Paschale* എന്ന ലോക സംഭവങ്ങളുടെ ദിനവൃത്താന്തത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഈ പട്ടികയിൽ അരിസ്തർക്കോസ്, സ്തേഫാനോസ് എന്നീ പേരുകൾ ആവർത്തിച്ചിട്ടുണ്ട്. മാത്രമല്ല മറ്റു ചില പേരുകൾ വിട്ടുകളഞ്ഞിട്ടുമുണ്ട് (ഉദാഹരണമായി, ആദായി). അറിയിപ്പുകാരായിരുന്നെങ്കിലും പിന്നീട് വിശ്വാസം ത്യജിച്ച ദേമാസ്, ഹെർമൊഗനേസ്, ഫിജിലസ് എന്നിവരുടെരപേരുകളും മേൽപറഞ്ഞ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റു ചില പട്ടികയിൽ അറിയോസ് പാഗോസിലെ ന്യായാധിപൻമാരിലൊരുവനായ ദീവന്നാസ്യോയിന്റെയും (അപ്പൊ പ്ര. 17:34) നീഗർ എന്ന് വിളിക്കപ്പെടുന്ന ശെമഓന്റെയും (അപ്പോ. പ്ര. 13:1) പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

*The Lives of the Saints* എന്ന വിശുദ്ധരുടെ ജീവചരിത്രഗ്രന്ഥത്തിൽ മറ്റൊരു പട്ടികയും ഉൾപ്പെടുത്തിയിട്ടുണ്ട് (Dimitrius, 2002). ഇതുകൂടാതെ ധാരാളം ഡിജിറ്റൽ സങ്കേതങ്ങളും ലഭ്യമാണ് (e.g., http://newadvent.org/fathers/0524.htm; https://orthodoxwiki.org/Seventy_Apostles; http://www.orthodox.net/saints/70apostles.html). താഴെ കൊടുത്തിരിക്കുന്ന 72 അറിയിപ്പുകാരുടെ പട്ടിക മേൽവിവരിച്ച പട്ടികകളെല്ലാം പരിശോധിച്ചും താരതമ്യം ചെയ്തും തയ്യാറാക്കിയിട്ടുള്ളതാണ്. എന്നിരുന്നാലും രണ്ട് സഹസ്രാബ്ദങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന അറിയിപ്പുകാരുടെ പേരു വിവരങ്ങൾ പൂർണ്ണമായും ശരിയായിരിക്കണമെന്നില്ല.

1. അർക്കിപ്പോസ്, കൊലോസ്സ്യയിലെ മെത്രാപ്പോലീത്ത (കൊലോ. 4:17)
2. ആദായി, മാർ തോമാശ്ലീഹായുടെ ഇരട്ട സഹോദരനും എഡേസ്സായിലെ ആദ്യത്തെ മെത്രാപ്പോലീത്തായും.
3. അഗാബോസ് പ്രവാചകൻ (അപ്പോ. പ്ര. 11:28; 21:10)
4. അംബ്ലിയാത്തോസ്, ദിയോസ്പോലീസിലെ മെത്രാപ്പോലീത്ത (റോമർ 16:8)
5. അനന്യാസ് (ഹാനനിയാ), ശൗലിനെ മാമോദീസ മുക്കിയവനും ദമസ്ക്കോസിലെ മെത്രാപ്പോലീത്ത (അപ്പോ. പ്ര. 9:10, 17–19, 22:12)

6. അന്ത്രോണിക്കസ്, പനോണിയയിലെ മെത്രാപ്പോലീത്ത (റോമർ 16:7)
7. അപ്പെലേസ്, സ്മിർണയിലെ മെത്രാപ്പോലീത്ത (റോമർ 16:10)
8. അപ്പലോസ്, അലക്സന്ത്രിയാക്കാരനും കൈസര്യയിലെ മെത്രാപ്പോലീത്തയും (അപ്പോ. പ്ര. 18:24; 1 കൊരി. 1:12, 3:4, 4:6, 16:12; തീത്തോസ് 3:13)
9. അകിലാസ്, പൊന്തോസുകാരൻ (അപ്പോ. പ്ര. 18:2,18,26; റോമർ 16:3; 1 കൊരി. 16:19; 2 തിമൊ. 4:19)
10. അരിസ്തർക്കോസ്, അപേമിയയിലെ (സിറിയ) മെത്രാപ്പോലീത്ത (അപ്പോ പ്ര. 19:29, 20:4, 27:2; കൊലോ 4:10; ഫിലമോൻ 1:24)
11. അരിസ്തൊബൂലോസ്, ബ്രിട്ടനിലെ മെത്രാപ്പോലീത്ത (റോമർ 16:10)
12. അർത്തെമാസ്, ലുസ്ത്രയിലെ മെത്രാപ്പോലീത്ത (തീത്തോസ് 3:12)
13. അസിൻക്രിത്തോസ്, ഹിർക്കാനയിലെ (കാസ്പിയൻ കടലിന് തെക്ക് കിഴക്കുള്ള പ്രദേശം) മെത്രാപ്പോലീത്ത (റോമർ 16:14)
14. ബെർന്നബാസ്, പൗലൂസിന്റെ കൂട്ടുവേലക്കാരനും മിലാനിലെ മെത്രാപ്പോലീത്തയും (അപ്പൊ പ്ര. 4:36, 15:35, 13:1–2; 1 കൊരി. 9:6; ഗലാ. 2:1)
15. കാർപ്പസ്, ബെറുവയിലെ (ആധുനിക വടക്കെ ഗ്രീസിലെ മാസിഡോണിയയിലുള്ള വെറോയിയ പട്ടണം)
16. കേഫാസ്, ഐക്കോണിയത്തിലെ മെത്രാപ്പോലീത്ത (1 കൊരി. 15:5)
17. ക്ലീമിസ്, സർദീനിയയിലെ മെത്രാപ്പോലീത്ത (ഫിലി. 4:3)
18. ക്ലേയോപ്പാ, നീതിമാനായ യൗസേഫിന്റെ ഇളയ സഹോദരനും യെറൂശലേമിലെ രണ്ടാമത്തെ മെത്രാപ്പോലീത്തായും (ലൂക്കോ 24:18)
19. ക്രിസ്പോസ്, ഗലാത്യയിലെ മെത്രാപ്പോലീത്ത (അപ്പോ. പ്ര. 18:8; 2 തിമൊ. 4:10; 1 കൊരി. 1:14)
20. ദേമാസ്, ഇദ്ദേഹം ലോകത്തെ സ്നേഹിച്ച് വിശ്വാസം ത്യജിച്ചു (2 തിമൊ. 4:10; ഫിലെമോൻ 1:24; കൊലോ 4:14)

21. എപ്പഫ്രാസ്, കൊലോസ്യയിലെ മെത്രാപ്പോലീത്ത (കൊലോ. 1:7, 4:12; ഫിലെമോൻ 1:23)
22. എപ്പഫ്രോദിത്തോസ്, അൻഡ്രിയാക്കയിലെ മെത്രാപ്പോലീത്ത (ഫിലി. 2:25, 4:18)
23. അഫെൻതോസ്, കാർത്തേജിലെ മെത്രാപ്പോലീത്ത (റോമർ 16:5)
24. എറസ്തോസ്, പനിയാസിലെ (ഫിലിപ്പിന്റെ കൈസരിയ) മെത്രാപ്പോലീത്ത (അപ്പോ. പ്ര. 19:22; 2 തിമൊ. 4:20; റോമർ 16:23)
25. എവോദിയോസ്, പത്രോസ് ശ്ലീഹായ്ക്കുശേഷം അന്ത്യോക്യായിലെ മെത്രാപ്പോലീത്ത (ഫിലി. 4:2)
26. ഗായോസ്, തിമൊത്തിയോസിനുശേഷം എഫേസോസിലെ മെത്രാപ്പോലീത്ത (അപ്പോ. പ്ര. 19:29, 20:4; റോമർ 16:23; 1 കൊരി. 1:14)
27. ഹെർമാസ്, ഫിലിപ്പ്യയിലെ മെത്രാപ്പോലീത്ത (റോമർ 16:14)
28. ഹെർമസ്, ഡാൽമേഷ്യയിലെ മെത്രാപ്പോലീത്ത (റോമർ 16:14)
29. ഹെർമൊഗനേസ്, ത്രാസിയൻ മെഗാറിയയിലെ മെത്രാപ്പോലീത്തയായിരുന്നെങ്കിലും വിശ്വാസവിപരീതിയായിത്തീർന്നു (2 തിമൊ. 1:15)
30. ഹെറോദിയോൺ, പാറ്റ്ഫസിലെ മെത്രാപ്പോലീത്ത (റോമർ 16:11)
31. യാക്കോബ്, കർത്താവിന്റെ സഹോദരനും യെറൂശലേമിലെ ഒന്നാമത്തെ മെത്രാപ്പോലീത്തയും (മത്തായി 13:55; ഗലാ. 1:19)
32. യാസോൻ (ഇയാസോൻ), തർസോസിലെ മെത്രാപ്പോലീത്ത (അപ്പോ. പ്ര. 17:5)
33. യുസ്തൊസ് (ബർശെബാ എന്നു വിളിക്കപ്പെടുന്ന ജോസഫ്, ഇദ്ദേഹത്തിനു യേശു എന്നും പേരുണ്ട്) എലിത്രോപ്പോലീസിലെ മെത്രാപ്പോലീത്ത (അപ്പോ. പ്ര. 1:23; കൊലോ 4:11)
34. ലീനോസ്, പത്രോസ് ശ്ലീഹായ്ക്കുശേഷം റോമിലെ മെത്രാപ്പോലീത്ത (2 തിമൊ. 4:21)

35. ലുക്കിയാസ്, ലെവദോസ്യയിലെ (സിറിയ) മെത്രാപ്പോലീത്ത (അപ്പോ. പ്ര. 13:1)
36. ലൂക്കോസ്, വൈദ്യനും സുവിശേഷകനും തെസ്ലോനിക്കയിലെ മെത്രാപ്പോലീത്തയും (കൊലോ. 4:14)
37. മർക്കോസ്, ബർന്നബായുടെ പിതൃസഹോദരനും യോഹന്നാൻ എന്നു വിളിക്കപ്പെടുന്നവനും ബിബ്ലോസിലെ (ഫൊനീഷ്യ) മെത്രാപ്പോലീത്തയും (അപ്പോ പ്ര. 12:12, 25, 15:38; കൊലോ. 4:10)
38. മർക്കോസ്, സുവിശേഷകനും പത്രോസ് ശ്ലീഹായാൽ അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടവനും (1 പത്രോസ് 5:13)
39. മത്ഥിയാസ്, യൂദായ്ക്കുപകരം ശ്ലീഹാ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടവൻ (അപ്പൊ. പ്ര. 1:23, 26)
40. നർക്കിസ്സോസ്, ഏതൻസിലെ മെത്രാപ്പോലീത്ത (റോമർ 16:11)
41. നിക്കാനോർ, ഏഴു ശെമ്മാശന്മാരിൽ ഒരുവനും സ്തേഫാനോസിനോടുകൂടെ രക്തസാക്ഷിയായവനും (അപ്പോ. പ്ര. 6:5, 8:1)
42. നിക്കലാവോസ്, ഏഴ് ശെമ്മാശന്മാരിൽ ഒരുവനും ശമര്യയിലെ മെത്രാപ്പോലീത്തായും (അപ്പൊ. പ്ര. 6:5)
43. ഒലിംപസ്, റോമിൽ വച്ച് രക്തസാക്ഷിയായി (റോമർ 16:15)
44. ഒനേസിമോസ്, ബൈസെന്റീയയിലെ മെത്രാപ്പോലീത്ത (കൊലോ. 4:9; ഫിലെ. 1:10)
45. ഒനിസിഫോറസ്, കൊളോഫോണിലെയും സൈറിനിലെയും മെത്രാപ്പോലീത്ത (2 തിമൊ. 1:16)
46. പർമേനാസ്, ഏഴ് ശെമ്മാശന്മാരിൽ ഒരുവനും സോളിലെ മെത്രാപ്പോലീത്തായും (അപ്പോ. പ്ര. 6:5)
47. പത്രൊബാസ്, പോറ്റോളിലെ മെത്രാപ്പോലീത്ത (റോമർ 16:14)
48. ഫിലമോൻ, ഗാസയിലെ മെത്രാപ്പോലീത്ത (ഫിലെ 1:1)
49. ഫിലിപ്പോസ്, ഏഴ് ശെമ്മാശന്മാരിൽ ഒരുവനും എത്യോപ്യൻ രാജ്ഞിയുടെ മന്ത്രിയുമായ ഷണ്ഡനെ മാമോദീസാ മുക്കിയവനും (അപ്പോ. പ്ര. 6:5, 8:26-40)

50. ഫിലെലോഗസ്, അന്ത്രയോസ് ശ്ലീഹായാൽ സീനോപ്പി
ലെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടവൻ
(റോമർ 16:15)
51. ഫ്ളെഗോൻ (ഫ്ളീഗോൻ), ത്രാസ് പട്ടണത്തിലുള്ള
മാരത്തോണിലെ മെത്രാപ്പോലീത്ത (റോമർ 16:14)
52. ഫിജിലസ്, എഫേസോസിലെ മെത്രാപ്പോലീത്ത,
ഇദ്ദേഹം പിന്നീട് വിശ്വാസം ത്യജിച്ചു
(2 തിമൊ. 1:15)
53. പ്രൊക്കൊറോസ്, ഏഴ് ശെമ്മാശന്മാരിൽ ഒരുവനും
ബിഥിനിയയിലുള്ള നിക്കൊമേദിയയിലെ
മെത്രാപ്പോലീത്ത (അപ്പൊ. പ്ര. 6:5)
